

പരിശുദ്ധ കന്യകമറിയത്തിന്റെ സ്വർഗ്ഗാരോഹണം.

(തിരുനാൾ ആഗസ്റ്റ് ൰൫-ാംനു-)

കർമ്മല കുസുമം.

പുസ്തകം ൨൦.) ആഗസ്റ്റ് (ലക്കം ൮.

# സ്വർഗ്ഗരാജ്ഞി കീർത്തനം.

(ശ്രീമാൻ വി. എക്സ്. ചെറിയാൻ, കടപ്ലാമറ്റം.)

ഭൈരവി. (കാട്ടിൽവാഴോ— എന്ന മട്ട്.) ചായ്പ് താളം.

1. വാനവർനായികയേ! വാനലോകകവാടമേ!
തരികവരബലമുതകുമടിയനു കന്യയേ ധന്യേ!

2. ക്ഷോണീനാഥേ! ക്ഷീണനാമെൻ ക്ഷോഭതാപം തീർക്കേണമേ,
കരുണപൊഴിയണമടിയനിൽ തവ കരളലിഞ്ഞമ്മേ! (വാന...

3. പാപികൾക്കു സങ്കേതമേ! നാകലോകാലങ്കാരമേ
വിപുലദുരിതമൊടലയുമിവനെയനുഗ്രഹിക്കണമേ. (വാന...

4. വ്യാകുലന്മാർക്കാശ്വാസമേ! രോഗികൾക്കു സ്വാസ്ഥ്യമേ
സകലവിനകളുമകലുവാൻ തവ മലർപദം ഗതിമേ. (വാന...

# പ്രസാധകക്കുറിപ്പുകൾ.

**ദൈവജനനിയുടെ സ്വർഗ്ഗപ്രാപ്തി.**

ആഗസ്റ്റ് 15-ാംനു- തിങ്കളാഴ്ച ദൈവജനനിയെ സംബന്ധിച്ചേടത്തോളം ഏററം പ്രധാനമായ ഒരു തിരുനാളാണു കൊണ്ടാടപ്പെടുന്നത്. പരിശുദ്ധ അമ്മയുടെ മരണത്തിൻെറയും ഉയിർപ്പിൻെറയും സ്വർഗ്ഗപ്രാപ്തിയുടെയും സ്മരണകൾ അന്നു ആഘോഷിക്കപ്പെടുന്നു. ദൈവത്തിൻെറ മാതാവും മററു മനുഷ്യരേപ്പോലെ മരിച്ചെങ്കിലും, തിരുസഭയിൽ പൊതുവേ വിശ്വസിക്കപ്പെട്ടുവരുന്നതിൻവണ്ണം തൻെറ ദിവ്യകുമാരനേപ്പോലെ തന്നെ മരണാനന്തരം മൂന്നാംനാൾ പരിശുദ്ധ ദൈവജനനി തൻെറ തിരുശരീരത്തോടുകൂടെ പുനരുത്ഥാനം ചെയ്കയും, ദൈവപുത്രനും സ്വർഗ്ഗവാസികളും ചേർന്നു ഈ അമ്മയെ പരലോകഭാഗ്യത്തിലേക്കു ആനയിക്കയും, അവിടെ നിത്യപരമപിതാവു ഭൂലോകപരലോകങ്ങളുടെ രാജ്ഞിയായി നമ്മുടെ മാതാവിനെ മുടി ധരിപ്പിക്കയുമാണുണ്ടായത്. ഹാ! പരിശുദ്ധ മറിയത്തിൻെറ മക്കൾക്കു എത്രയോ ആനന്ദസന്ദായകമായ സ്മരണകൾ! അതേ നമ്മുടെ അമ്മ സ്വർഗ്ഗരാജ്യത്തിൽ കിരീടധാരിണിയായി വാഴുന്നു. മക്കളുടെ ആഗമനത്തെ സദാ പ്രതീക്ഷിച്ചുകൊണ്ടു അവിടെയിരിക്കുന്നു. കണ്ണുനീരിൻെറ ഈ കനവാംയിലൂടെയുള്ള നമ്മുടെ പരലോകപ്രയാ

ങ്ങളിൽ നമുക്കു നേരിടുന്ന സകല പ്രതിബന്ധങ്ങളേയും നീക്കി നമ്മെ സഹായിക്കുന്നതിനു ആഗ്രഹവും, മനസ്സും, ശക്തിയുമുള്ളവളായി വർത്തിക്കുന്നു. നാം ഈ മാതാവിന്റെ ആശ്രയം തേടുക മാത്രം ചെയ്താൽ മതിയായിരിക്കുന്നു. ഹാ, പരിശുദ്ധ അമ്മേ! ബലഹീനരായ നിന്റെ ഈ പാവപ്പെട്ട മക്കൾ നിന്നോടുകൂടെ ഞങ്ങളുടെ ജന്മദേശത്തിൽ വന്നുചേരുന്നതുവരേ കരുണാമസൃണമായ നിന്റെ കടാക്ഷം ഞങ്ങളിൽ നിന്നു നീ നീക്കിക്കളയരുതേ.

## "സത്യദീപം."

എർണാകുളത്തു നിന്നും റവ. ഡോക്ടർ ജോസഫ് പഞ്ഞിക്കാരൻ റവ. ഫാദർ ജേക്കബ് നടുവത്തുശ്ശേരി, റവ. ഫാദർ തോമസ് വട്ടോലി എന്നീ വന്ദ്യ വൈദികന്മാരുടെ ആധിപത്യത്തിൽ വെള്ളിയാഴ്ചതോറും പുറപ്പെട്ടുതുടങ്ങിയിരിക്കുന്ന ഈ പുതിയ കത്തോലിക്കാ പ്രതിവാരികപ്പത്രത്തിനു ഞങ്ങൾ സർവ്വാത്മനാ സ്വാഗതം ആശംസിച്ചുകൊള്ളുന്നു. ഇതേവരെ പുറപ്പെട്ടിട്ടുള്ള നാലു ലക്കങ്ങൾകൊണ്ടു "സത്യദീപം" അതിന്റെ ഉദ്ദേശത്തെ നിർവഹിക്കാൻ പര്യാപ്തമായ ഒരു പ്രസിദ്ധീകരണമാണെന്നു പ്രത്യക്ഷമായിട്ടുണ്ട്. കത്തോലിക്കർക്കും അകത്തോലിക്കർക്കും വേദവിഷയകമായ അറിവുകളെ നൽകുന്നതിനും വേദപ്രചാരത്തെ പ്രോത്സാഹിപ്പിക്കുന്നതിനും നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഈ പ്രതിവാരികാ പ്രസിദ്ധീകരണത്തെ കേരളീയർ അതർഹിക്കുന്ന വിധം പരിലാളിച്ചു കൊണ്ടുപോകയാണെങ്കിൽ അചിരേണ അതിന്റെ ഫലം നമുക്കനുഭവഗോചരമാകുന്നതാണെന്നുള്ളതിനു സംശയമില്ല. ആണ്ടിൽ രണ്ടര രൂപാ മാത്രം വരിസംഖ്യ നിശ്ചയിച്ചിരിക്കുന്നതുകൊണ്ടു അകത്തോലിക്കരുടെയും ക്രിസ്ത്യേതരന്മാരുടെയും ഇടയിൽ സത്യദീപത്തെ ധാരാളമായി പ്രചാരിപ്പിക്കുന്നതിനു മഹാമനസ്കരായ കത്തോലിക്കാ ശ്രമിച്ചാൽ നിഷ്പ്രയാസം സാധിക്കുന്നതാണ്. "സത്യദീപം" കേരളത്തെയാസകലം പ്രോജ്വലിപ്പിക്കുന്നതിനു ദൈവം ഇടയാക്കട്ടെ എന്നു ഞങ്ങൾ ഹൃദയപൂർവ്വം പ്രാർത്ഥിക്കുന്നു.

## വേദപ്രചാരതല്പരന്മാരുടെ ശ്രദ്ധയ്ക്കു്

കേരളത്തിൽ വേദപ്രചാരത്തിനായി പ്രത്യേകം ശ്രമിച്ചുകൊണ്ടിരിക്കുന്ന പല വൈദികന്മാരും വേണ്ട സഹായങ്ങൾ കിട്ടാതെ വളരെ ബുദ്ധിമുട്ടുന്നതായി ഞങ്ങൾക്കറിയാം. യഥാശക്തി ഓരോരുത്തൻ അല്പാല്പമായിട്ടെങ്കിലും സഹായിച്ചുകൊണ്ടിരുന്നാൽ ഈ വേലകൾ ഊർജ്ജിതമായി നടക്കുന്നതും, രത്നസ്വാമി അവർകൾ അദ്ദേഹത്തിന്റെ കോൺഗ്രസ്സ് അദ്ധ്യക്ഷപ്രസംഗത്തിൽ പ്രസ്താവിച്ചതുപോലെ "കേരളീയ കത്തോലിക്കാസമുദായത്തിനുള്ള ബഹുവിധ മഹിമകൾക്കു പുറമേ മതപ്രചാരണംകൊണ്ടുള്ള മഹത്വംകൂടി താമസിയാതെ ഉണ്ടാകുന്നതുമാണു". മുത്തോലി ആശ്രമത്തിൽനിന്നു പുന്നത്തുറയും, മുത്തോലിലുമായി രണ്ടു വേദാദ്ധ്യയനശാലകൾ സ്ഥാപിച്ചു അദ്ധ്യാപകന്മാരേയും ഏല്പിച്ചു നടത്തിവരുന്നുണ്ട്. അവ ധനദൗർല്ലഭ്യത്താൽ ഇപ്പോൾ വളരെ ഞെരുക്കത്തിലായിരിക്കുന്ന വിവരം കുസുമം വഴിക്കു് പ്രസിദ്ധപ്പെടുത്തണമെന്നു അറിയിച്ചിരിക്കുന്നതിനാലാണു ഞങ്ങൾ ഇപ്പോൾ ഇത്രയും പ്രസ്താവിപ്പാനിടയായതു. "ബ. വേദപ്രചാരണ ഡയറക്ടർ മുത്തോലി ആശ്രമം" എന്ന മേൽവിലാസത്തിൽ എത്ര ചുരുങ്ങിയ സഹായവും അയച്ചുകൊടുത്താൽ നന്ദിപൂർവ്വം സ്വീകരിക്കുന്നതാണു.


## വി. കൊച്ചുത്രേസ്യായുടെ ജീവചരിത്രം.

റവ. ഫാദർ ബർണ്ണാർഡ് അവർകൾ രചിച്ച വി. കൊച്ചുത്രേസ്യായുടെ ചരിത്രസംക്ഷേപത്തിന്റെ മൂന്നാം പതിപ്പ്. പല പുതിയ അനുബന്ധങ്ങളോടും പടങ്ങളോടും കൂടിയതു്.

വില നാലു ചക്രം മാത്രം.

സെന്റ് ജോസഫ്സ് പ്രസ്സ് മാന്നാനം.

# കത്തോലിക്കർ എന്തുകൊണ്ടു പ. മറിയത്തെ ബഹുമാനിക്കുന്നു?

(ക. നി. മൂ. സ. ബ. പ്യൂസച്ചൻ.)

പരിശുദ്ധ കന്യകമറിയം ഈശോമിശിഹായുടെ മാതാവാകുന്നു. ഈശോമിശിഹായാകട്ടെ മനുഷ്യാവതാരം ചെയ്ത ദൈവവും ആണ്. ഇതിൽനിന്നു പ. മറിയം ദൈവത്തിന്റെ മാതാവാണെന്നാണല്ലോ സിദ്ധിക്കുന്നത്. കത്തോലിക്കർ പരിശുദ്ധ കന്യകയെ ബഹുമാനിക്കുന്നതിന്റെ പ്രധാനമായ കാരണവും ഇതുതന്നെയാണ്. അവൾ കേവലം ഒരു യഹൂദസ്ത്രീ മാത്രം ആയിരുന്നെങ്കിൽ പക്ഷെ മറിയത്തെക്കുറിച്ച് ഇന്നു നാം ഒന്നുംതന്നെ അറിയുകയില്ലായിരുന്നു. ഇത്രയും പറഞ്ഞതിൽ നിന്നു മറിയഭക്തിയെ സ്ഥാപിക്കുന്നതിനുള്ള ന്യായങ്ങൾ അതു പ. കന്യകയ്ക്കു ദൈവപുത്രനോടുള്ള പ്രത്യേക സംബന്ധത്തെ ആസ്പദമാക്കിയിട്ടുള്ളവയായിരിക്കണമെന്നു വ്യക്തമാകുന്നുണ്ടല്ലോ. ഇതിനുള്ള ന്യായങ്ങൾ പ്രധാനമായി താഴെപ്പറയുന്നവയാണ്.



## A. പ. മറിയത്തിനു ദൈവപുത്രനുമായുള്ള ഐക്യം.

ഈ ഐക്യം രണ്ടു വിധത്തിലാണുള്ളത്.

1. ദൈവമാതൃത്വം മൂലം— അമ്മയും മകനും തമ്മിലുള്ളതുപോലെ ഗാഢമായ ഐക്യം മററു രണ്ടാളുകൾ തമ്മിലില്ലതന്നെ. ഒരു മാതാവു സ്വപുത്രനുവേണ്ടി എന്തെല്ലാമാണു പ്രവർത്തിക്കാറുള്ളത്! അവന്റെ പ്രാണനെ പരിപാലിക്കുവാൻ തന്നെ അവൾ എത്രയെല്ലാം ബുദ്ധിമുട്ടുകൾ സഹിക്കുന്നു. മാതാവും പുത്രനും ഒരുവിധത്തിൽ ഒന്നായി കാണപ്പെടുകയാണു ചെയ്യുന്നത്. പ. മറിയത്തിന്റെ മകൻ ദൈവമായിരിക്കുന്നതിനാൽ സർവ്വ ബഹുമാനത്തിനും അർഹനാണ്. ഈ സ്ഥിതിയ്ക്ക് അദ്ദേഹത്തിന്റെ മഹിമാവിൽ പ. മറിയവും ഭാഗഭാക്കാകുക എന്നതു യുക്തിയുക്തവും സ്വാഭാവികവുമാണല്ലോ.

2. ലോകപരിത്രാണവിഷയത്തിൽ പ. മറിയം ചെയ്ത സഹകരണം മൂലം— പല മാതാക്കളും സ്വപുത്രരുടെ പ്രവൃത്തികളിൽ ഓഹരിക്കാരാകുന്നില്ല. പ. മറിയമാവട്ടെ തന്റെ പുത്രന്റെ ലോകപരിത്രാണകൃത്യത്തിൽ തീർച്ചയായും സഹകരിച്ചിട്ടുണ്ട്. ലോകത്തെ പരിത്രാണം ചെയ്തതു മിശിഹാ മാത്രമാണെന്നുള്ളതു വാസ്തവം തന്നെ. പക്ഷെ പരിത്രാണം സുസാദ്ധ്യമാകത്തക്കവിധം പരിത്രാതാവിന്റെ മാതാവാകുവാൻ പ. മറിയം സ്വാതന്ത്ര്യമായി സമ്മതിച്ചതുകൊണ്ടാണ്. (ലൂക്കാ അ. 1. വാ. 3.) കൂടാതെ, അവൾ തന്റെ മാതൃകാജീവിതംമൂലം പരിത്രാണകൃത്യത്തെ അനല്പമായി അഭിവൃദ്ധമാക്കുകയുമുണ്ടായിട്ടുണ്ട്. പാപത്താൽ ദൈവജനനിയുടെ ആത്മാവ് ഒരിക്കലും മലിനീകൃതമായിട്ടില്ല. ഒരു കന്യകയും, പത്നിയും, മാതാവും എന്ന നിലയിൽ അവൾ സകല സുകൃതങ്ങളുടെയും ദീപ്തമാതൃകയായിരുന്നു. സർവ്വോപരി കന്യകത്വത്തിന്റെ ഉത്തമദൃഷ്ടാന്തമായിട്ടാണ് അവൾ പരിലസിക്കുന്നത്. ആ ശുദ്ധിയോടു വിജയോന്മുഖമായി പോരാടുവാൻ എത്രയോ സഹസ്രം പുരുഷന്മാരേയും സ്ത്രീകളേയും ആണ് തന്റെ പ്രശസ്തമായ ദൃഷ്ടാന്തവും പ്രാർത്ഥനകളും

മാദ്ധ്യസ്ഥവുംമൂലം പ. മറിയം സഹായിച്ചിട്ടുള്ളത്?

## B. പ. മറിയത്തെ ബഹുമാനിക്കുവാൻ ദൈവം നമ്മോടാവശ്യപ്പെടുന്നുണ്ട്.

1. ദൈവം സർവ്വത്തിൻറയും കാരണകർത്താവും നാം അവിടത്തെ സൃഷ്ടികൾ മാത്രവുമാണല്ലോ. അതിനാൽ അവിടന്ന് ആജ്ഞാപിക്കുന്നതെല്ലാം നിവൎത്തിക്കേണ്ടതു നമ്മുടെ കർത്തവ്യകർമ്മമാണ്. എന്നാൽ പ. മറിയത്തെ നാം ബഹുമാനിക്കണമെന്ന് അവിടുന്ന് ആജ്ഞാപിച്ചിട്ടുണ്ട്.

പ. മറിയം മാതൃസോദരിയായ ഏലീശ്വായെ സന്ദർശിച്ച അവസരത്തിൽ ദൈവനിവേശത്താൽ പ്രേരിതയായി ഇങ്ങനെ പ്രവചിക്കുകയുണ്ടായി. "ഇപ്പോൾ മുതൽ സകല പരിഷകളും എന്നെ ഭാഗ്യവതി എന്നു സംബോധനം ചെയ്യും." (ലൂ. I. 48.) പ. മറിയത്തെ ഭാഗ്യവതി എന്നു വിളിക്കുന്നതു് അവളെ ബഹുമാനിക്കുന്നതുതന്നെയാണല്ലോ. അവളെ ഇങ്ങനെ ഭാഗ്യവതിയായി എല്ലാവരും അഭിവാദ്യം ചെയ്യാനിരിക്കുന്നതിൻെറ കാരണമെന്താണെന്ന് ദൈവം തന്നെ അറിയിച്ചിട്ടുണ്ട്. ദൈവപ്രേരണയാൽ അവൾ തുടൎന്നു പറയുന്നു. "എന്തുകൊണ്ടെന്നാൽ വല്ലഭനായവൻ എനിക്കുവേണ്ടി മഹാകാൎയ്യങ്ങൾ ചെയ്തിരിക്കുന്നു." (ലൂ. 1. 49.) ഈ മഹാകാൎയ്യങ്ങളിൽ സൎവ്വപ്രധാനമായതു് ദൈവം അവളെ സ്വപുത്രൻെറ മാതാവാക്കി എന്നുള്ളതാണല്ലോ. ഇതിൽ നിന്നു പ. മറിയം ദൈവപുത്രൻെറ മാതാവാകയാൽ അവളെ നാം ബഹുമാനിക്കേണ്ടതാണെന്നു സിദ്ധിക്കുന്നു.

2. പ. മറിയത്തെ ബഹുമാനിക്കുന്ന വിഷയത്തിൽ ദൈവം തന്നെ നമുക്ക് മാതൃകയാണ്. അവിടന്ന് അവളെ മാലിന്യമില്ലാത്തവളാക്കുകയും അവളുടെ കന്യകത്വത്തെ ഭംഗലേശം കൂടാതെ പരിരക്ഷിക്കുകയും ചെയ്തിരിക്കുന്നു. (മ. 1. 18; ലൂ. 1. 26. 35; മ. 1. 22.) മാത്രമല്ല തൻെറ സഭയിലും (നടപടി 1. 14.) സ്വൎഗ്ഗത്തിലും ഉന്നതസ്ഥാനം അവൾക്കു അവിടന്നു നൽകിയിട്ടുമുണ്ട്.

3. മാതൃഭക്തിയുള്ള ഒരു മകൻ സ്വമാതാവിനു ബഹുമതി ഉണ്ടാകണമെന്ന് — പ്രത്യേകിച്ച് അവൾ യഥാൎത്ഥത്തിൽ അതു് അർഹിക്കുമ്പോൾ — ഇച്ഛിക്കുക ലോകസാധാരണമാണല്ലോ. എന്നാൽ പ. മറിയം ദൈവത്തിൻെറ മാതാവായിരിക്കുന്ന സ്ഥിതിയ്ക്കു് അവളെപ്പോലെ ബഹുമാനാർഹയായി ഒരു മാതാവില്ലെന്ന് എല്ലാവരും സമ്മതിക്കും. സ്വമാതാവു ബഹുമാനിക്കപ്പെടണമെന്നു മിശിഹാക്കു് ആഗ്രഹമില്ലെന്നു പറയുന്നതായാൽ അതു് അദ്ദേഹത്തിനു നിശ്ചയമായും ആക്ഷേപാർഹമാണ്.

## C. മ്ശിഹാ സ്വമാതാവായ പ. മറിയത്തെ നമ്മുടെയും മാതാവാക്കിയിരിക്കുന്നു.

ഒരുവനു സ്വാഭാവിക മാതാവായി ഒരാൾ മാത്രമേ ഉണ്ടാകാൻ പാടുള്ളുവല്ലോ. എന്നാൽ അവൻ വേറൊരാളിൻെറ ദത്തുപുത്രനായി തീരുന്നതിനു് ഈ വസ്തുത പ്രതിബന്ധമാകുന്നില്ല. ഇങ്ങനെയാണ് നാം പ. മറിയത്തിൻെറ മക്കളായിത്തീൎന്നിരിക്കുന്നതു്. ദൈവത്തിൻെറ ദത്തുപുത്രർ എന്ന നിലയിൽ നാം പരിശുദ്ധ കന്യകയുടെ സ്വാഭാവിക പുത്രനായ മ്ശിഹായുടെ ദത്തുസഹോദരർ ആണ്. ഏവംവിധമായ നമ്മുടെ സംബന്ധത്തെയാണല്ലോ കുരിശിൽ തൂങ്ങിക്കിടന്നുകൊണ്ടു, "സ്ത്രീയെ നിൻെറ പുത്രനെ കണ്ടാലും," എന്നു വി. യോഹന്നാനെപ്പററി അരുളിച്ചെയ്ത വാക്കുകൾമൂലം മ്ശിഹാ പ്രഖ്യാപനം ചെയ്തതു്. (യോ. അ. 19. വാ. 26.) ഇവിടെ 'സ്ത്രീ' എന്നു പരിഭാഷപ്പെടുത്തിയിട്ടുള്ള ഗ്രീക്കു മൂലപ്രതിയിലെ പദം ബഹുമാനസൂചകമായ ഒന്നാണെന്നു പ്രത്യേകം സ്മരിക്കേണ്ടതുണ്ട്. വി. യോഹന്നാൻ മനുഷ്യകുലത്തെയാണ് ഇവിടെ പ്രതിനിധീകരിക്കുന്നതു്. പ. മറിയം ദൈവപുത്രൻ മനുഷ്യാവതാരം ചെയ്തപ്പോൾ അവിടത്തെ മാതാവായി

ത്തീർന്നുകൊണ്ടു പരിത്രാണവിഷയത്തിൽ ആരംഭിച്ച സഹകരണം ഗാഗുൽത്തായിൽ വച്ച് നമ്മുടെയും— അതെ, പരിത്രാണം ചെയ്യപ്പെട്ട എല്ലാവരുടെയും— മാതാവായിത്തീർന്നുകൊണ്ടു പൂർത്തിയാക്കിയിരിക്കുന്നതായി പറയാവുന്നതാണ്.

പ. മറിയം നമ്മുടെ മാതാവായിരിക്കുന്നതിനും പുറമേ മാദ്ധ്യസ്ഥയുമാണ്. ഉന്നതസ്ഥാനങ്ങളിൽ ഇരിക്കുന്നവരിൽ നിന്ന് ഏതെങ്കിലും സഹായം ലഭിക്കേണ്ടതായി വരുമ്പോൾ അവരുടെ സ്നേഹിതന്മാരെ ശരണീകരിക്കുക സാധാരണമാണല്ലോ. ഇവക്ക് ഇഷ്ടമുണ്ടെങ്കിൽ നമ്മുടെ മാദ്ധ്യസ്ഥം വഹിക്കുവാൻ സാധിക്കുന്നതാണ്. പ. മറിയം ദൈവത്തിന്റെ അമ്മയായിരിക്കുന്ന സ്ഥിതിക്ക് നമുക്കുവേണ്ടി മാദ്ധ്യസ്ഥം പറയുന്നതിനു അവൾക്കു സാധിക്കും. അവൾ നമ്മുടെയും അമ്മയായിരിക്കയാൽ അപ്രകാരം ചെയ്യുമെന്നുള്ളതും തീർച്ചയാണ്. അവളുടെ യാചനകളിൽ ഒന്നുപോലും നിഷിദ്ധമായി എന്നുവരുന്നതല്ല.

നാം പ. മറിയത്തോടു പ്രാർത്ഥിക്കുമ്പോൾ സൃഷ്ടിവഴിയായി സ്രഷ്ടാവിനെ സമീപിക്കയാണ് ചെയ്യുന്നതു് എന്നും, ഇതു് മനുഷ്യന്റെ പീഡകളിലും ഞെരുക്കങ്ങളിലും മറിയത്തിനുള്ളിടത്തോളം അനുകമ്പ ദൈവത്തിനില്ലെന്നാണല്ലോ സൂചിപ്പിക്കുന്നതെന്നും ഒരപവാദം വല്ലവരും പുറപ്പെടുവിച്ചേക്കാം. കത്തോലിക്കർ മറിയം വഴിയായി മാത്രമേ ദൈവത്തോടു പ്രാർത്ഥിക്കുന്നുള്ളു എങ്കിൽ ഏതാദൃശമായ വാദം പക്ഷെ സ്വീകാര്യമാകുമായിരുന്നു. എന്നാൽ അവരുടെ പ്രവർത്തനരീതി ഇതല്ല. ദൈവത്തോടു നേരിട്ടും അവർ ധാരാളം പ്രാർത്ഥിക്കുന്നുണ്ട്. അവരുടെ പ്രധാനമായ പ്രാർത്ഥന, 'കർത്താവിന്റെ പ്രാർത്ഥന' എന്നു പറയപ്പെടുന്ന 'ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ ബാവായെ' എന്നതാണ്. കാര്യങ്ങളുടെ വാസ്തവസ്ഥിതി ഇതായിരിക്കയാൽ മനുഷ്യരോടു പ. മറിയത്തേക്കാൾ കൂടുതലായി ദൈവത്തിന് അനുകമ്പയുണ്ടെന്നാണു കത്തോലിക്കർ ധരിച്ചിരിക്കുന്നതെന്നു വിശദമാകുന്നുണ്ടല്ലോ. എന്നാൽ മാതാവു വഴിയായി പുത്രനെ സമീപിക്കുക സ്വാഭാവികവും സാധാരണവുമായതുകൊണ്ടു അവർ പ. മറിയം വഴിയായും മ്ശിഹായെ ആശ്രയിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നുവെന്നേയുള്ളു.

## കേരളീയ കത്തോലിക്കരുടെ മതപ്രചാരണ ജോലികൾ.

(ഓണറബിൾ എം. രത്നസ്വാമി, എം. ഏ. ബാർ-അററ്-ലോ, എം. എൽ. എ. അവർകളുടെ അദ്ധ്യക്ഷപ്രസംഗത്തിൽ നിന്നു.)

ഒരു സമുദായത്തിന്റെ, വിശിഷ്യാ ഒരു ചെറിയ സമുദായത്തിന്റെ പ്രാബല്യം അതിലെ ജനസംഖ്യയുടെ നിലനില്പിനേയും വർദ്ധനവിനേയും ആശ്രയിച്ചിരിക്കും. ആധുനിക ഹിന്ദുക്കൾ അന്യമതസ്ഥരെ മാനസാന്തരപ്പെടുത്തുന്ന കാര്യത്തിൽ പൂർവ്വനടപടിക്കു വിരോധമായി ശുദ്ധി, സങ്കേതം എന്നീ പ്രസ്ഥാനങ്ങൾ ഉണ്ടാക്കി ഭയപ്പെടുത്തിയതാണു ഇപ്പോൾ ഉത്തര ഇൻഡ്യയിൽ മഹമ്മദീയ ക്ഷോഭത്തിനു ഏറിയ കുറും കാരണമായി തീർന്നിരിക്കുന്നതു്. കത്തോലിക്കരായ നമുക്കു പ്രത്യേകിച്ചും നമ്മുടെ ജനസംഖ്യ കുറഞ്ഞു പോകുന്നതു കാണാൻ നിവൃത്തിയില്ല. എന്നാൽ നമ്മുടെ സംഖ്യ വർദ്ധിപ്പിക്കുന്നതിനു ജാതിബന്ധിതരായ ഹിന്ദുക്കളുടേയോ സമരാസക്തരായ ഇസ്ലാംമതക്കാരുടെയോ

അന്തഃകരണത്തെ ക്ഷോഭിപ്പിച്ചിട്ടാവശ്യമില്ല. കോട്ടയത്തു ആരംഭിച്ച തരത്തിലുള്ള പ്രബോധക പദ്ധതി പൂർവ്വ കേരളീയസഭയിൽ നിന്നു അനാവശ്യമായി വേർപിരിഞ്ഞുപോയവരെ വീ-



ണ്ടും കത്തോലിക്കാസഭയിലേക്കു ആനയിക്കാൻ പര്യാപ്തമാണു. എന്നാൽ കേരളത്തിൽ ഇൻഡ്യയിൽ മറെറല്ലായിടത്തേയുംപോലെ കത്തോലിക്കാ മതപ്രചാരണവേലക്കു ഏററം വിജയമുണ്ടാകുവാൻ ഇടയുള്ളതു അധഃകൃതരെന്നും ആദിമവാസികളെന്നും പറയപ്പെടുന്ന ജനങ്ങളുടെ കൂട്ടത്തിലാണ്. ഇതിൽപെട്ടവരായി 6 കോടിയോളം ജനങ്ങൾ ഇൻഡ്യയിലുള്ളവരിൽ 10 ലക്ഷത്തിലധികം കൊച്ചിയിലും തിരുവിതാംകൂറിലുമായുള്ളതാണു. ഇവർ സാമുദായിക സ്വാതന്ത്ര്യത്തെ പ്രദാനം ചെയ്യുന്നതായ ക്രിസ്തുമതസ്വീകരണത്തിനു മനസ്സാകും. വേണ്ടിടത്തോളം ആളും, പണവും, ശരിയായ ഘടനയും ഉണ്ടാകുന്ന പക്ഷം കാലവിളംബം കൂടാതെ ഇവരെ ക്രിസ്തീയ തൊഴുത്തിൽ ചേർക്കാൻ സാധിക്കുന്നതാണ്. ജാതിവലയങ്ങളാൽ ബന്ധിതരും പാശ്ചാത്യരാജ്യങ്ങളിൽ നിന്നു വരുന്ന സകലത്തേയും എതിർക്കുന്ന ദേശീയ ചിന്തയാൽ ജാഗരൂകരും ആയ ഹിന്തുക്കൾ കൂട്ടമായി മാനസാന്തരത്തിനു വഴിപ്പെടുമോ എന്നുള്ളതു സംശയാസ്പദമാണു. അധഃകൃതരും ആദിമവാസികളും ആയ വർഗ്ഗങ്ങളാകട്ടെ ഏതാദൃശമായ മാനസാന്തരത്തിനു വിധേയരാകുമെന്നുള്ളതിനു അശേഷം സംശയമില്ല. അധഃകൃത വർഗ്ഗക്കാർ ക്രിസ്തുമതത്തിലേക്കു മാനസാന്തരപ്പെടുന്നതിനെ തടയുവാനായി ഹിന്തുസമുദായം ഓരോ പ്രസ്ഥാനങ്ങൾ ഏർപ്പെടുത്തിക്കൊണ്ടിരിക്കുന്നു. താമസിയാതെതന്നെ ഈ സംഗതിയിലുള്ള നമ്മുടെ പിടിവിട്ടു പോയേക്കാം. പ്രസ്തുത ഉദ്ദേശം സാധിക്കുന്നതിനു കേരളീയക

ത്തോലിക്കരുടെ ഇടയിൽ ഒരു പ്രസ്ഥാനം ഉണ്ടായിട്ടുണ്ടെന്നു കാണുന്നതു സന്തോഷാവഹമാകുന്നു. ഈ ദൃശ പരിശ്രമങ്ങൾക്കു കത്തോലിക്കമതം തരതമമായി അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നതും തീക്ഷ്ണതയോടുകൂടിയ സ്വദേശിവൈദികരുള്ളതുമായ ഈ കേരളത്തിലേക്കാൾ ഫലപ്രാപ്തി വേറൊരിടത്തും ഉണ്ടാകുന്നതല്ല. കേരളീയകത്തോലിക്കാസമുദായത്തിനുള്ള ബഹുവിധമായ മഹിമകൾക്കു പുറമെ വ്യവസ്ഥാപിതവും വിജയകരവും ആയ മതപ്രചാരണശ്രമം കൊണ്ടുള്ള മാഹാത്മ്യംകൂടി താമസിയാതെ തന്നെ ഉണ്ടാകുമെന്നു ഞാൻ ശരണപ്പെടുകയും അതിനായി പ്രാർത്ഥിക്കയും ചെയ്യുന്നു.

## രാജകുമാരന്റെ ഭാഗ്യം.

(ദിവ്യശ്രീ മററത്തിൽ കുര്യൻ കത്തനാർ.)

ജപ്പാൻരാജ്യത്തിലെ ഒരു സംസ്ഥാനത്തെ വൈസറോയി ആയ ടോഡാരാജകുമാരന്റെ കുടുംബചരിത്രത്തിനു ഒരു ശതവർഷത്തെ പുരാതനത്വമുള്ളതായി കാണുന്നു. ചക്രവർത്തിപോലും "ബഹുമാനപ്പെട്ട രാജകുമാരൻ" എന്നു അദ്ദേഹത്തെ അഭിസംബോധനം ചെയ്തുവന്നതിൽ നിന്നു അദ്ദേഹത്തിന്റെ സ്ഥിതി എത്ര ഉൽകൃഷ്ടമായിരുന്നുവെന്നു ഏറെക്കുറെ ഊഹ്യമാണല്ലോ. അദ്ദേഹത്തിനു കുടുംബസ്വത്തായിട്ടു കിട്ടിയ വസ്തുവകകൾക്കു പുറമെ അമൂല്യങ്ങളായ നിരവധി അപൂർവ്വവസ്തുക്കളും ലഭിക്കയുണ്ടായി. തെക്കും വടക്കും വലിയ വലിയ സൗധങ്ങളും അരമനകളും അസംഖ്യം ഭൃത്യന്മാരും അദ്ദേഹത്തിനുണ്ടായിരുന്നു. ഇഷ്ടഭാര്യയായി ഒരു രാജകുമാരിയും കോമളരൂപിണികളായ പുത്രിമാരും ദൃഢഗാത്രരായ പുത്രന്മാരും അദ്ദേഹത്തിനുണ്ട്.

ഇദ്ദേഹത്തിന്റെ വസ്തുവകകളുടെ കൂട്ടത്തിൽ "ടോഡാകുടുംബത്തിലെ ഭാഗ്യം" എന്ന പേരിനാൽ അറിയപ്പെട്ടിരുന്നതും ആരാലും തുറക്കപ്പെടാതെ ഇരുമ്പുപെട്ടിയിലിട്ടു ഭദ്രമായി പൂട്ടപ്പെട്ടിരുന്നതുമായ ഏതോ ഒരു സാധനവുമുണ്ടായിരുന്നു. ഈ ഇരുമ്പുപെട്ടി ആരെങ്കിലും എപ്പോഴെങ്കിലും തുറക്കുന്നപക്ഷം അവനും ടോഡാകുടുംബത്തിനും വലുതായ അനർത്ഥങ്ങളും ആപത്തുകളും സംഭവിക്കുന്നതാണെന്നും ആയിരുന്നു നിശ്ചയം.

പക്ഷെ ആധുനികാശയനായ ടോഡാരാജകുമാരൻ ഈദൃശാന്ധവിശ്വാസങ്ങളിൽ ഭയമില്ലാതിരുന്നതുകൊണ്ടു പ്രസ്തുത പേടകം എന്നെങ്കിലും താൻ തുറക്കാതിരിക്കയില്ലെന്നു ബാല്യത്തിലെ തന്നെ തീരുമാനിച്ചിട്ടുണ്ടായിരുന്നു. ഈ തീരുമാനം അയാളുടെ അമ്മ എങ്ങനേയോ ഗ്രഹിച്ചുകൊണ്ടു രാജകുമാരൻ ഇത്ര വലുതായ അത്യാഹിതത്തിൽ ചെന്നു തലയിടാതിരിപ്പാൻ പ്രത്യേക ശട്ടംകെട്ടുകൾ ചെയ്തിരുന്നു. എങ്കിലും ഒരു ദിവസം തന്റെ അമ്മ അവിടെ ഇല്ലാതിരുന്ന അവസരം നോക്കി, പെട്ടിയുമെടുത്തു തന്റെ ഭാര്യയുടെ അടുക്കൽ ചെന്നിരുന്നുകൊണ്ടു ഒരു പ്രകാരത്തിൽ പെട്ടിയങ്ങു തുറന്നു. തത്സമയം കണ്ടകാഴ്ച അവരിരുവരേയും അത്ഭുതപരതന്ത്രരാക്കി. അകത്തെന്തായിരുന്നു? ഇത്ര ദീർഘനാൾ അടച്ചുവയ്ക്കപ്പെട്ടിരുന്നതും സർവ്വവിധാനർത്ഥങ്ങളേയും ടോഡാകുടുംബത്തിൽ വരുത്താനിരിക്കുന്നതുമായ ആ പെട്ടിക്കകത്തു ഒരു പ്രതിമ— ഒരു സ്ത്രീയുടേ—യാണ് അവർ ആദ്യം കണ്ടതു്. ആ കൊത്തുരൂപത്തിന്റെ അടിയിൽ "സാന്തമറിയാ" "വിശുദ്ധമറിയം" എന്നു എഴുതപ്പെട്ടിരുന്നു. അതോടുകൂടി ജപ്പാൻഭാഷയിൽ രചിക്കപ്പെട്ട ഏതാനും പുസ്തകങ്ങളുമുണ്ടായി

രുന്നു. അതു യെന്താണ്? വേദപുസ്തകവും വേദോപദേശവും പ്രാർത്ഥനപ്പുസ്തകവും. ഈ സാധനങ്ങളെ മറിച്ചുംതിരിച്ചും ആ കുമാരീകുമാരന്മാർ പലപ്രാവശ്യം നോക്കി. ജപ്പാൻരാജ്യത്തിലെ പ്രധാനപ്പെട്ട ഒരു സംസ്ഥാനത്തെ ആധിപത്യം വഹിക്കുന്ന ടോഡാ കുടുംബം ഒരു കാലത്തു ക്രിസ്തുമതാവലംബിതമായിരുന്നുവെന്നു അവർ അചിരേണ മനസ്സിലാക്കികഴിഞ്ഞു. പക്ഷെ പെട്ടി തുറന്നാൽ അത്യാഹിതമെങ്ങനെ സംഭവിക്കും? കുടുംബത്തിലെ ഭാഗ്യം ആപ്പെട്ടിയിലെങ്ങനെ ഉണ്ടാകും?

രാജകുമാരൻ പറഞ്ഞു:- എന്റെ പൂർവ്വന്മാർ മതത്തെപ്പററി പീഡിക്കപ്പെട്ടിരിക്കണം; അവരുടെ വസ്തുവകകൾ സർക്കാരിൽനിന്നും കണ്ടുകെട്ടിയിരിക്കണം. അവരിൽ ഒരുവനാകട്ടെ വേദമുപേക്ഷിച്ചുകൊണ്ടു പ്രസ്തുത സാധനങ്ങൾ ഇരുമ്പുപെട്ടിയിൽ ഒളിച്ചുവച്ചിരിക്കാം. തന്നിമിത്തം ആ മതത്യാഗിക്കു കുടുംബത്തിലെ സകല സ്വത്തുക്കളും ലഭിച്ചിരിക്കാം.

“അങ്ങിനെതന്നെ ആയിരിക്കണം വാസ്തവം” എന്നു രാജകുമാരിയും പറഞ്ഞു: “ഞാനോ? ഞാൻ വൈസരോയിതന്നെ. പക്ഷെ എന്റെ മുത്തച്ഛനെപ്പോലെ ഞാനാകയില്ല”

എന്നു പറഞ്ഞുകൊണ്ടു അദ്ദേഹം ഉടനെ ക്രിസ്തുമതതത്വങ്ങളെ പഠിക്കുവാൻ തുടങ്ങി. അതിന്റെ ഫലമായി ടോഡാകുടുംബം കത്തോലിക്കമതം സ്വീകരിക്കുകയും ആ കുടുംബസ്വത്തു “വേദപ്രചാര സംഘത്തിലേക്കു സമ്മാനിക്കയും അവരുടെ പക്കൽ ഇന്നും അതു സൂക്ഷിക്കപ്പെടുകയും ചെയ്യുവരുന്നു. ജപ്പാൻ രാജ്യത്തിൽ ‘കത്തോലിക്കാമതത്തി’നു രാജ്യമതമായ ബുദ്ധമതത്തിനു തുല്യമായ ഒരു സ്ഥാനം ലഭിച്ച സംഗതിയും അവിടെ കത്തോലിക്കസഭാതരു തഴച്ചുവളർന്നുവരുന്നതായ വാസ്തവവും ഇക്കാലത്തു എല്ലാവർക്കും അറിവുള്ളതാണല്ലോ.

## മലയിലെ പ്രസംഗം.

(മഹാകവി കട്ടക്കയത്തിൽ ചെറിയാൻമാപ്പിള.)



വരം തനിക്കരുളുവതിന്നു താതനേ
നിരർഗ്ഗളം ജപനിരയാൽ ഭജിക്കുവാൻ
ഒരദ്രിയിൽ തനയനജൻ കരേറി ജാ-
ഗരത്തൊടും നിശയെ നയിച്ചിതേകദാ.

വിഭാവരിക്കടവു പിണഞ്ഞു രമ്യമാം
പ്രഭാതമായളവു തെളിഞ്ഞു ദിക്കുകൾ,
വിഭാവസുപ്രഭയുമണഞ്ഞു? ശിഷ്യർസൽ
പ്രഭാവനാംഗുരുവരനെത്തിരഞ്ഞുപോയ്.

ഒടുക്കമാഗ്ഗിരിയിലണഞ്ഞു യേശുവി-
ന്നടുക്കലായ് ജനഗണമെത്തി സാദരം;
അടുക്കിനീശ്വരസുതനാശു ദുർഗ്ഗമം
ഇടുക്കമാററവരൊടിവണ്ണമോതിനാൻ.

മനം ദരിദ്രതയെ മുദാ വരിച്ചിടും
ജനങ്ങളുത്തമരവർ വാനിൽ വാണിടും;

അനഘമാം പ്രകൃതി സദാ വഹിക്കുമപ്പോ-
രനല്പമായവനിയിലുല്ലസിച്ചിടും.

കരഞ്ഞിടും ജനനിര ഭാഗ്യമുള്ളത-
ന്തരം വിനാ ദ്രുതമപരാശ്വസിച്ചിടും;
പരം നയസ്പൃഹയൊടു ദാഹപൈകടല-
ച്ചിരം സഹിപ്പവരഥ തൃപ്തരായിടും

"ദയാലുവാം മനുജനു ഭാവുകം; ജഗൽ-
ത്രയാധിപൻ പരമവനിൽ പ്രസന്നനാം;
നയാബ്ധിയാം പരമതമൻപിതാവിനെ-
പ്രയാസമെന്നിയെ ഗുണശാലി കണ്ടിടും.

"സദാ പിതൻ മനമവധാനപൂർണ്ണമായ്
മുദാ സമം മരുവിടുവോർ സഭാഗ്യരാം;
ചിദാത്മകൻ ജഗദധിപന്റെ പുത്രരെ-
ന്നുദാരരാമവരെ വിളിക്കുമേവരും.

നയത്തിനെപ്പുഴതണയാതെ പോററുവാൻ
ഭയം വിനാ വ്യഥപെടുമവർക്കു ഭാവുകം.
ജയത്തൊടും ത്രിദിവപദത്തിലജ്ജനം
സ്വയത്നസൽഫലമനിശം ഭുജിച്ചിടും?

ധനം മികച്ചിടുക നിമിത്തമായ് മദം
മനസ്സിലേറിടുമധമർക്കനർത്ഥമാം?
വിനശ്ശിടം ഹൃദി കരുതാതജസ്രമാ-
ജ്ജനങ്ങളീധരണിലാശ്വസിച്ചുപോയ്

ശരിക്കുതൻ വയറുനിറച്ചു തൃപ്തരാ-
യിരിക്കുവോർക്കിനിനിതരാം വിശന്നിടും?
ചിരിച്ചിടും നരരഴലുൾക്കരുന്നില-
ങ്കരിച്ചനാരതമതിയായ് കരഞ്ഞിടും.

അനാരതം ധരണിയിൽ ഞാൻ നിമിത്തമാ-
യനാദരം പലപല പീഡ ബന്ധനം,
വിനാശമെന്നിവ മമ ശിഷ്യർ നിങ്ങൾ ദു-
ർജ്ജനാളിയാൽ പ്പെടുവതതീവ ഭാഗ്യമാം.

അനശ്വരം ത്രിദിവമണഞ്ഞു നിങ്ങളൊ-
ത്തനല്പമാം, പ്രതിഫലമാശു നേടിടും
നിനക്കുവിൻ നിയതമതുള്ളിലേവമാ-
ജ്ജനങ്ങൾ നിർമ്മലരൊടു ചെയ്തുമുമ്പിലും.

(തുടരും.)

# പുനരൈക്യശ്രമങ്ങൾ

(റവ. ഫാദർ ഡോമ്നിക്ക തോട്ടാശ്ശേരി എം. എ. എൽ. റ്റി.
ചങ്ങനാശേരി.)

കത്തോലിക്കാസഭയിൽനിന്നും പിരിഞ്ഞുപോയിരിക്കുന്ന യാക്കോബായക്കാർ തുടങ്ങിയുള്ള അകത്തോലിക്കാക്രിസ്തീയ സഹോദരന്മാർ അവരുടെ സഭയിലെ ആഭ്യന്തരകലഹംകൊണ്ടും സത്യസഭാന്വേഷണം നിമിത്തവും, നമ്മുടെ മതപ്രചാരണവേലമൂലവും പൂർവ്വസഭയിലേക്കു പിന്തിരിയുവാൻ പലടത്തും ആഗ്രഹിക്കുന്നു എന്നറിയുന്നതു് ഏവർക്കും സന്തോഷകരമായിരിക്കുമല്ലോ. സ്വഘടിതവും, ദൈവസ്ഥാപിതവുമായ കത്തോലിക്കാസഭയുടെ ആഭ്യന്തരമഹിമ നമ്മുടെ അകത്തോലിക്കാസഹോദരങ്ങളിൽ പലരും മനസ്സിലാക്കിയതിനോടെ അവരിൽ വലുതായ ഒരു മതപരിവർത്തനത്തിന്റെ ലാഞ്ഛനകൾ കണ്ടുതുടങ്ങിയിരിക്കുന്നു. 19 ശതാബ്ദങ്ങളായി അനുസ്യൂതമായ അഭിവൃദ്ധിയോടെ തഴച്ചു വളരുകയും, മെക്സിക്കൊ മുതലായ പ്രദേശങ്ങളിലെ നവീനരക്തസാക്ഷികളുടെ രക്തത്താൽ ഈ 20-ാം നൂററാണ്ടിൽ പൂർവ്വവൽ പരിപോഷിപ്പിക്കപ്പെടുകയും ചെയ്യുന്ന കത്തോലിക്കാസഭയിലേക്ക് അകത്തോലിക്കർ ആകർഷിക്കപ്പെടുന്നെങ്കിൽ അതിലെന്താണ് ആശ്ചര്യപ്പെടാനുള്ളതു്.

ഇപ്രകാരം സഭയിലേക്കു പിന്തിരിഞ്ഞുവരുന്നവർക്ക് ചില സ്ഥലങ്ങളിൽ പള്ളികൾ പണിയിച്ചു കൊടുക്കേണ്ടതു നമ്മുടെ ധർമ്മമാകുന്നു. സമീപത്തെങ്ങും കത്തോലിക്കാദേവാലയങ്ങൾ ഇല്ലാത്തതു നിമിത്തം ഇങ്ങോട്ടു ചേർന്നിട്ടുള്ളവർക്കും ചേരുവാനിരിക്കുന്നവർക്കും പല വിഷമതകൾ നേരിടുന്നുണ്ടു്. ഇങ്ങനെയുള്ളവർക്കു സൗകര്യങ്ങൾ ഉണ്ടാ

ക്കികൊട്ടുക്കുന്നതിനും, കത്തോലിക്കാസഭയെപ്പറ്റി അറിയാതെ തെറ്റിദ്ധാരണയിലും അറിവില്ലായ്മയിലും കിടക്കുന്നതിനും മററുമായി അകത്തോലിക്കാക്രിസ്ത്യാനികളുടെ ഇടയിൽ വിശുദ്ധ കൊച്ചുത്രേസ്യാപുണ്യവതിയുടെ മാദ്ധ്യസ്ഥതയിൽ വേദപ്രചാരവേല ആരംഭിച്ച് ഊർജ്ജിതമായി നടത്തിവരുന്ന വിവരം അറിഞ്ഞിരിക്കുമെന്നു വിശ്വസിക്കുന്നു. ഈ വേലയുടെ ഫലമായി കല്ലൂപ്പാറെ ഒരു പള്ളി പണിതുതീർക്കുകയും ഒരു യാക്കോബായ വൈദികനും ഏതാനും വീട്ടുകാരും ഇതിനകം കത്തോലിക്കാസഭയിൽ ചേരുകയും ചെയ്തിരിക്കുന്നു. ഇനിയും പലരും സഭയിൽ ചേരുവാനാഗ്രഹിക്കുന്നു. പല അകത്തോലിക്കരുടെയും നിർബന്ധത്താൽ തിരുവല്ലായിൽ ഒരു സ്ഥലം വാങ്ങുകയും മഹോന്നത ദിവ്യശ്രീ ദലഗാദപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ട് അവിടെ ഒരു പള്ളിക്ക് ശിലാസ്ഥാപനകർമ്മം നടത്തുകയും പള്ളിപണി ആരംഭിക്കയും ചെയ്തിട്ടുണ്ട്. പള്ളത്തു കാടഞ്ചിറ എന്ന സ്ഥലത്തു കുറെ വീട്ടുകാർ കത്തോലിക്കാസഭയിൽ ചേരുകയും അവരെയും മേലിൽ ചേരുവാനാഗ്രഹിക്കുന്നവരെയും ഉദ്ദേശിച്ച് ഒരു പള്ളിപണി ആരംഭിക്കയും ചെയ്തിട്ടുണ്ട്. മാരാമണ്ണിൽ ഒരു സ്ഥലം വാങ്ങിച്ചുകഴിഞ്ഞു. എന്നാൽ ഒരു ആരാധനസ്ഥലത്തിന്റെ അഭാവത്താൽ കത്തോലിക്കാസഭയിൽ ചേരാനാഗ്രഹിക്കുന്ന ഒരു യാക്കോബായ വൈദികനും ഏതാനും വീട്ടുകാരും ഭഗ്നാശയരായിത്തീർന്നിരിക്കുന്നു. കൂടാതെ മാന്നാർ, നിരണം, തെള്ളിയൂർ മുതലായ പല സ്ഥലങ്ങളിലും വേദപ്രചാരവേല ഊർജ്ജിതമായി നടക്കുന്നുണ്ട്. അവിടെ ഒക്കെയും ആരാധനസ്ഥലം ഉണ്ടാക്കി കൊടുക്കുവാൻ സാധിക്കായ്കയാൽ സഭാംഗങ്ങൾ ആകുവാൻ ആഗ്രഹിക്കുന്നവർക്ക് അവരുടെ ആഗ്രഹനിവൃത്തി വരുത്തുവാൻ നിർവ്വാഹമില്ലാതിരിക്കുന്നു.

ഓരോ പള്ളിക്കും തറവില നീക്കി ഒരു രണ്ടായിരം രൂപയോളം ചിലവിട്ടാൽ മതിയാകുന്നതാണ്. നമ്മുടെ ഇപ്പോഴത്തെ ധനസ്ഥിതിക്ക് ഇങ്ങനെ ഏതാനും പള്ളികൾ പണിയിക്കുന്നതു് നിഷ്പ്രയാസം സാധിക്കാവുന്ന കാര്യമാണ്. ഉദാരമതികളായ വൈദികരും അൽമേനികളും മനസ്സുവെച്ചാൽ മാത്രം മതിയായിരുന്നു. സൽക്കാര്യങ്ങൾക്കായിട്ടു ചിലവിട്ടശേഷം സമ്പാദിക്കുന്ന ഒരു പണം ലുബ്ധന്റെ ഒരു ലക്ഷത്തേക്കാൾ വിലയും നിലയും ഉള്ളതാണ് എന്ന വസ്തുത വിസ്മരിക്കത്തക്കതല്ല. വേദപ്രചാരത്തിനു സഹായിക്കുന്നതിനേക്കാൾ വിശേഷമായ പ്രവൃത്തി എന്താണുള്ളതു്. ദൈവസ്തുതിക്കും തന്റെ രാജ്യത്തിന്റെ വർദ്ധനവിനും വേണ്ടി ധനത്തിൽ ഒരു ഭാഗം നീക്കിവെക്കേണ്ടതു് ധനവാന്റെയും നിർദ്ധനന്റെയും ധർമ്മമാണ്. ഇക്കാര്യത്തിൽ യൂറോപ്യന്മാരേയും അമേരിക്കരെയും നാം അനുകരിക്കേണ്ടിയിരിക്കുന്നു.

ഔദാര്യശീലന്മാരായ പല കത്തോലിക്കാവൈദികരും അൽമേനികളും ഇക്കാര്യത്തിൽ ധനസഹായം ചെയ്തിട്ടുണ്ടെന്നു പറയുന്നതിൽ ചാരിതാർത്ഥ്യമുണ്ട്. അവരുടെ സഹായംകൊണ്ടു മാത്രമാണ് മേൽവിവരിച്ച വേലകൾ നടന്നിട്ടുള്ളതു്. കാടഞ്ചിറ പണിയിക്കുന്ന ചെറിയ ദേവാലയം കാഞ്ഞിരപ്പള്ളിൽ പൊട്ടങ്കുളം കെ. വി. തോമസ് എന്ന മാന്യൻ സ്വന്ത ചിലവിൽ പണിയിക്കുന്നതാണെന്ന് സന്തോഷസമേതം പറഞ്ഞുകൊള്ളട്ടെ. എന്നാൽ ഇതഃപര്യന്തം ലഭിച്ചിട്ടുള്ള സഹായം ആവശ്യത്തിനു ഒട്ടുംതന്നെ മതിയാകാതെയാണിരിക്കുന്നതെന്നും, കത്തോലിക്കരിൽ എത്രയും കുറച്ചുപേർ മാത്രമെ ഈ മഹനീയകൃത്യത്തിൽ ഔദാര്യം പ്രദർശിപ്പിച്ചിട്ടുള്ളുവെന്നും പറയാതെ നിവൃത്തിയില്ല. ഏതൽ സംബന്ധമായുള്ള പിരിവിന്റെയും ചെലവിന്റെയും ഒരു കണക്കു താമസിയാതെ പരസ്യപ്പെടുത്തുന്നതാണ്. കേരളീയകത്തോലിക്കർ ഏവരുടെയും ഔദാര്യം ഈ വിഷയത്തിലേക്കു ക്ഷണിച്ചുകൊള്ളുന്നു. മാരാമണ്ണിൽ ഒരു ചെറിയ കപ്പേളയും തിരുവല്ലായിൽ ഒരു പള്ളിയും വേഗം തീർക്കേണ്ടതു് അത്യ

ന്നാപേക്ഷിതമായിരിക്കുന്നു. ഇതിലേക്ക ധനസഹായമൊ ക്രൂടുതൽ ധർമ്മമുള്ള കുർബാനയൊ പള്ളിസ്സാവശ്യമുള്ള സാമാനങ്ങളൊ എന്തായിരുന്നാലും കൃതജ്ഞതാപൂർവ്വം സ്വീകരിക്കുന്നതാണ്.

വിശുദ്ധ കൊച്ചുത്രേസ്യാപുണ്യവതിയുടെ നാമത്തിൽ ആരംഭിച്ചു നടത്തിവരുന്ന വേദപ്രചാരവേലയ്ക്കു സകലരും ധനസഹായം ചെയ്ത് അതിൽ പങ്കുകൊള്ളണമെന്ന് ഏവരോടും അപേക്ഷിക്കുകയും, തന്റെ നാമത്തിൽ ഒരു ഭിക്ഷുവിന് ഒരു പാത്രം വെള്ളം കൊടുത്താൽ അതിനു സമ്മാനം ഉണ്ടാകാതിരിക്കയില്ല എന്നുള്ള നമ്മുടെ കർത്താവിന്റെ വാഗ്ദാനത്തെ ഏവരേയും അനുസ്മരിപ്പിക്കയും ചെയ്തുകൊള്ളുന്നു.

## ഫലപ്രദമായി കുർബാന കാണ്മാനുള്ള മുറ.

(ക. നി. മൂ. സ. അപ്രേം പട്ടക്കാരൻ.)

1. വി. കുർബാന എന്ന മഹാബലിയെ സംബന്ധിച്ചു മുൻ ലക്കങ്ങളിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ളവയുടെ ഒരു സംഗ്രഹം ഇവിടെ ചേർക്കുന്നതു പ്രയോജനകരമായിരിക്കും. ബലി എന്നു പറയുന്നതു്; ദൈവത്തിനു നമ്മുടെ മേലുള്ള പരമാധികാരത്തെ അതായതു, നമ്മുടെ ജീവന്റെയും മരണത്തിന്റെയും പരമകർത്തൃത്വത്തെ അറിയിക്കുന്നതിനും സ്വീകരിക്കുന്നതിനും വേണ്ടി ഒരു ദൃശ്യവസ്തുവിനെ ഒന്നുകിൽ നശിപ്പിച്ചുകൊണ്ടോ, അല്ലെങ്കിൽ അതിൽ വല്ല മാററം വരുത്തിക്കൊണ്ടോ, അതിനെ അങ്ങേക്കു സമർപ്പിക്കുന്നതാകുന്നു. എന്നാൽ നമ്മുടെ പീഠങ്ങളിൽ അനുദിനം അനുഷ്ഠിക്കപ്പെട്ടുവരുന്ന വിശുദ്ധകുർബാനയിൽ ഒരിക്കൽ നമുക്കുവേണ്ടി ക്രൂശിൽ മരിച്ച മ്ശിഹായുടെ മരണം, അപ്പത്തിന്റെയും ദ്രാക്ഷാരസത്തിന്റെയും സാദൃശ്യങ്ങളിൽ യഥാർത്ഥമായി സന്നിഹിതങ്ങളായ മ്ശിഹായുടെ മാംസരക്തങ്ങളാൽ രഹസ്യപരം കാണിക്കപ്പെടുകയും, അതു് പിതാവായ ദൈവത്തിനു, നമ്മുടെ മേൽ അങ്ങേയ്ക്കുള്ള പരമാധികാരസ്വീകരണാർത്ഥം സമർപ്പിക്കപ്പെടുകയും ചെയ്യുന്നു.



2. കുർബാന എന്ന മഹാബലിയിൽ പഴയനിയമത്തിലെ നാലുതരം ബലികളുടെയും സ്വഭാവലക്ഷണങ്ങൾ സംപൂർണ്ണമായി പ്രശോഭിക്കുന്നുണ്ട് 1. ഇതു് ദൈവത്തിന്റെ പരമാധികാരസ്വീകരണാർത്ഥം അർപ്പിക്കപ്പെടുകയാൽ ആരാധനബലിയും, 2. നാം കൈക്കൊണ്ടിട്ടുള്ള സർവ്വ ഉപകാരങ്ങൾക്കും നന്ദികാണിപ്പാൻവേണ്ടി സമർപ്പിക്കപ്പെടുകയാൽ കൃതജ്ഞതാസൂചകമായ സ്തോത്രബലിയും; 3. പാപങ്ങളുടേയും അവയ്ക്കു കടപ്പെട്ട ശിക്ഷകളുടേയും പൊറുതിക്കായി സമർപ്പിക്കുന്നതിനാൽ പാപപരിഹാരബലിയും; 4. മ്ശിഹായുടെ അപരിമിത യോഗ്യതകളെപ്രതി ശാരീരികവും ആത്മികവുമായ അനുഗ്രഹങ്ങളെ പ്രാപിപ്പാൻവേണ്ടി സമർപ്പിക്കപ്പെടുകയാൽ അപേക്ഷാബലിയും ആകുന്നു. ദൈവാരാധന, സ്തോത്രപ്രകരണം. ശാന്തീകരണം, അപേക്ഷ ഇതുകളാകുന്നു ദിവ്യപൂജ സമർപ്പിക്കുന്നതിലും കാണുന്നതിലും നാം വെക്കേണ്ട നാലുദ്ദേശങ്ങൾ.

3. ഗാഗുൽത്താമലയിൽ അർപ്പിക്കപ്പെട്ട ആദ്യബലിയും ദിവ്യപൂജയും തമ്മിൽ ആഗന്തുകമായുള്ളതല്ലാതെ, സം

രമായുള്ള ഒരു വ്യത്യാസവുമില്ല. രണ്ടിലും ബലിവസ്തു മിശിഹാതന്നെ; നമ്മുടെ ജീവന്റെമേലും മരണത്തിന്മേലും ദൈവത്തിനുള്ള പരമാധികാരസാക്ഷീകരണം രണ്ടിന്റെയും പരമോദ്ദേശ്യമാകുന്നു. എന്നാൽ ഇവതമ്മിൽ സാരഭൂതങ്ങളല്ലാത്ത ചില ഭേദങ്ങളുണ്ട്. 1. കുരിശിന്റെ ബലിയിൽ മിശിഹാ സാക്ഷാത്തായി മരിച്ചു. ദിവ്യപൂജയിൽ അങ്ങുന്നു രഹസ്യപരമായി മാത്രമേ മരിക്കുന്നുള്ളൂ. അതായത്:— നമ്മുടെ കർത്താവിന്റെ മരണത്തിന്റെ ഓർമ്മയെ നാം ഇതിനാൽ ജ്ഞാപകപ്പെടുത്തുന്നു (1. ക്രൊ. 11. 26. 27.) 2. അതിനെ മിശിഹാ സ്വയമായി മാത്രം ക്രൂശിൽ സമർപ്പിച്ചു. ഇതിനെയോ, ജനങ്ങൾ പട്ടക്കാരന്റെ കൈകളാൽ സമർപ്പിക്കുന്നു. 3. അത് യോഗ്യതാകരബലിയായിരുന്നു. എന്തെന്നാൽ അതിൽ മാത്രം നമ്മുടെ വീണ്ടെടുപ്പിന്റെ സർവ്വവിലയും യോഗ്യതകളും ദൈവത്തിനു വീട്ടപ്പെട്ടു. ഇത് അതായത്, നമ്മുടെ പീഠങ്ങളിൽ പ്രതിദിനം അനുഷ്ഠിക്കപ്പെട്ടുവരുന്ന ദിവ്യപൂജ അനുഭവകരബലിയാകുന്നു. എന്തെന്നാൽ അതിൽ സമ്പൂർണ്ണമായി സമ്പാദിക്കപ്പെട്ട യോഗ്യതകൾ ഇതിൽ നാം ഓരോരുത്തരുടെ ഒരുക്കവും അപേക്ഷയും അനുസരിച്ചു ഓരോരുത്തർക്കും അനുഭവമാക്കപ്പെടു . ഇത്രയും പരിശുദ്ധ ദിവ്യബലിയുടെ സ്വഭാവത്തെപറ്റി പറഞ്ഞു. ഇനി ഞാൻ പറവാൻ പോകുന്നത് ഈ അനുഭവകരബലിയുടെ അപരിമിതജ്ഞാനഫലങ്ങളെ ഏറ്റമേറ്റം ഫലപ്രദമായും പ്രയോജനകരമായും സുലഭമായും എടുക്കേണ്ട മുറയെക്കുറിച്ചാകുന്നു.

## സ്വർഗ്ഗത്തിലെ നാണയം.

(റവ. ഫാദർ തോമസ് മൂഞ്ഞോലി.)

വിദ്യാലയങ്ങളിൽ പോയി പഠിക്കുന്ന ഏതെങ്കിലും ഒരു കുട്ടിയോടു അവൻ സ്കൂളിൽ പോകുന്നതു് എന്തിനാണെന്നു ചോദിച്ചുനോക്കുക. എന്തെങ്കിലും ഒരു കാരണം ആ വിദ്യാർത്ഥി പറയാതെയിരിക്കയില്ല. ഒരാൾ പക്ഷേ, അവൻ നിർബന്ധിതനായിട്ടാണു പോകുന്നതെന്നു പറഞ്ഞേക്കാം. മറ്റു ചിലർ, വല്ലതും പഠിക്കണം, അതുകൊണ്ടാണെന്നും, ചിലർ വർഷാവസാനത്തിൽ അവർക്കു ക്ലാസുകയറ്റം കിട്ടാനാണെന്നും, ചിലർ ഗവർമ്മേണ്ടു പരീക്ഷ പാസാകാനാണെന്നും പറയാതിരിക്കയില്ല. എന്തിനാണ് അവർ ക്ലാസുകയറ്റം ആശിക്കുന്നതു? ചിലർക്കു കോളേജിൽ ചേർന്നു പഠിച്ചു് സർവ്വകലാശാല ഡിഗ്രി നേടുന്നതിനായിരിക്കും. അവർ എന്തിനാണ് സർവ്വകലാശാലബിരുദ്ദ സമ്പാദിക്കുന്നതിനു ആഗ്രഹിക്കുന്നതു? അധികംപേർക്കും ഒരു തൊഴിൽ ലഭിക്കാനായിരിക്കും? എന്തിനാണ് തൊഴിൽ എടുക്കുന്നതു? ചിലർ അതു അവരുടെ ഉപജീവനമാർഗ്ഗമായിട്ടും മറ്റുള്ളവർ പൊതുജനഗുണാർത്ഥം പ്രവൃത്തിക്കുന്നതിനുള്ള പോംവഴി ആയിട്ടുമായിരിക്കും. എന്തിനാകുന്നു അവർ മറ്റുള്ളവരെ സഹായിക്കുന്നതിനാഗ്രഹിക്കുന്നതു? ചിലർ ഇത്തരം ജോലി അവർ പ്രതീക്ഷിക്കുന്ന മനോതൃപ്തി കിട്ടുന്നതിനു പര്യാപ്തമായിരിക്കുമെന്നും, മറ്റുള്ളവർ നിത്യസമാധാനലബ്ധിക്കുള്ള സഹായമായിരിക്കുമെന്നും വിശ്വസിക്കുന്നതായി ഉത്തരം പറയും.

ബുദ്ധിമാന്മാരായ സകലർക്കും അവരുടെ ഓരോ പ്രവൃത്തികൾകൊണ്ടു അവരുടെ അലംഭാവത്തിനു സഹായഹേതുകമായി ഉദ്ദേശിക്കാറുണ്ട്. പ്രഥമപ്രവൃത്തി വിദൂരത്തിൽ സ്ഥിതിചെയ്യുന്ന

ദന്മയെ ലാക്കാക്കിആയിരിക്കും ചെയ്യപ്പെടുന്നതു. നടക്കുമ്പോൾ നമ്മൾ ഓരോ അടിവീതം വെയ്ക്കുന്നു; നമ്മൾ നിർദ്ദേശിച്ചിരിക്കുന്ന സ്ഥാനത്തു നമ്മളെ ആനയിപ്പിക്കുന്ന പൂർണ്ണയാത്രയുടെ ഒരു അംശമായിട്ടേ അതിനെ പരിഗണിക്കാറുള്ളു. ജീവിതകാലത്തിൽ നമ്മളുടെ ഓരോ നിമിഷത്തിലും ഓരോ അടിവീതം മുമ്പോട്ടു വെയ്ക്കുയാണ് നമ്മൾ ചെയ്യുന്നതു്. എന്നാൽ, നമ്മൾ നിർദ്ദേശിച്ചുവെച്ചിരിക്കുന്ന സ്ഥലമേതാണു? നമ്മുടെ യാത്രയിൽ എന്തു അന്ത്യസംതൃപ്തിയാണു നമ്മൾ കരസ്ഥമാക്കാൻ ഉദ്ദേശിച്ചിരിക്കുന്നതു? ഇതിനുള്ള കാരണം ഓരോരുത്തരുടേയും ജീവിതോദ്ദേശത്തെ ആശ്രയിച്ചിരിക്കും.

ഇഹലോകജീവിതത്തെ പരിച്ഛേദം പ്രാപഞ്ചികമായിട്ടു് ചിലർ പരിഗണിക്കുന്നു. മനുഷ്യനിൽ അരൂപിയും അമർത്ത്യവുമായ ഒരു ആത്മാവുണ്ടെന്നു അവർ നിഷേധിക്കുന്നു. അവരുടെ പരീക്ഷണത്തിൽ കുഴിമാടത്തിന്നപ്പുറം ജീവിതമില്ല. ക്രിസ്തുവിന്റെ സിദ്ധാന്തങ്ങളെ സ്വീകരിക്കാതെ നടക്കുന്ന ഈശ്വരവാദികൾക്കുടെയും ജീവിതത്തിന്റെ യഥാർത്ഥമായ ഉദ്ദേശം മനസ്സിലാകുന്നില്ല. ഏതു പ്രവൃത്തികൾക്കാണ് നിത്യമായ വിലയുള്ളതെന്നു കണക്കാക്കുന്നതിനു പരിശുദ്ധാത്രപിയിൽ നിന്നു പുറപ്പെടുന്ന രശ്മികളാൽ പ്രശോഭിതമാക്കപ്പെട്ട ക്രിസ്തുവിന്റെ സന്ദേശത്തിനുമാത്രമെ സാധിക്കയുള്ളു. ക്രിസ്തുവിന്റെ പഠനങ്ങളുടെ വെളിച്ചം കൂടാതെ ആരാണ് അരിഷ്ടതകളുടെ വില അർഹിക്കുന്നതു? എന്നാൽ ക്ലേശങ്ങളും അരിഷ്ടതകളും ശരിയായ ഉദ്ദേശത്തോടും നീതികരണഹേതുക്കളോടുംകൂടി സഹിക്കുന്നതായിരുന്നാൽ വലിയ അനുഗ്രഹങ്ങളായി പരിണമിക്കും. ഇതാണു ക്രിസ്തുവിന്റെ വിശ്വാസത്തിലുള്ള ഭക്തി. ക്രിസ്തു പ്രസ്തുത ഭാഗ്യത്തെ പരസ്യമായി പ്രഖ്യാപനം ചെയ്തിട്ടുണ്ടു്. "അവർ എന്നെപ്രതി നിങ്ങളെ നിന്ദിക്കയും ഞെരുക്കുകയും നിങ്ങൾക്കെതിരായി അസത്യമായി എല്ലാത്തരം അസഭ്യങ്ങൾ പറകയും ചെയ്യുന്നെങ്കിൽ നിങ്ങൾ ഭാഗ്യവാന്മാരാകുന്നു. സന്തോഷിക്കയും ആനന്ദിക്കയും ചെയ്യുക, എന്തുകൊണ്ടെന്നാൽ സ്വർഗ്ഗത്തിൽ നിങ്ങളുടെ സമ്മാനം വലുതാണു." മത്തായി 6. 11. 12) പല രാജ്യങ്ങളിലും ധനവാന്മാർ ഭീമമായ പണസംഖ്യ സംഭാവന ചെയ്യാറുണ്ടു്. എന്നാൽ, മിക്കപ്പോഴും ദാതാവു തന്റെ സംതൃപ്തിയടയുന്നതിനു പരസ്യമായി പ്രഖ്യാപനം ചെയ്തുകൊണ്ടാണ് ഈവിധം പ്രവൃത്തിക്കുന്നതു്. ഒരു പബ്ലിക്കു സ്ഥാപനത്തിനാണ് ദ്രവ്യം കൊടുത്തതെന്നുവരികിൽ, അയാളുടെ ഔദാര്യപ്രവൃത്തി ശാശ്വതമായി പ്രസിദ്ധപ്പെടുത്തുന്നതിനു അതിന്മേൽ അയാളുടെ നാമം കൊത്തിവെയ്ക്കണമെന്നു് വ്യവസ്ഥചെയ്യുന്നു. ഇപ്രകാരം ദാതാവു ആവശ്യപ്പെട്ടതുപോലെ തന്റെ ഔദാര്യപ്രവൃത്തിക്കു പബ്ലിക്കു അംഗീകാരം സിദ്ധമാകയും ചെയ്യുന്നു. എന്നാൽ അയാളുടെ ദാനശീലത്തിനു പബ്ലിക്കു അംഗീകാരത്തെക്കാൾ ഉൽകൃഷ്ടതരമായ ഒരു സമ്മാനം അയാൾക്കു അർഹിക്കാവുന്നതാണ്. പക്ഷെ, ആ ഉൽകൃഷ്ടസമ്മാനം സമ്പാദിക്കുന്നതിനു ശരിയായ ഒരു ഉന്നതോദ്ദേശം അത്യാവശ്യമാണ്. ഗണ്യമായ ഒരു ദാനപ്രവൃത്തികൊണ്ടുമാത്രം നിത്യമായ സമ്മാനം നമുക്കു് സിദ്ധമാകയില്ല. ക്രിസ്തു പ്രസ്താവിച്ചിട്ടുള്ളപോലെ ശരിയായ ഉദ്ദേശം വെച്ചു പ്രവൃത്തിച്ചിട്ടുള്ള നന്മപ്രവൃത്തികൾക്കു മാത്രമെ നിത്യമായ വില സിദ്ധിക്കയുള്ളു. "മനുഷ്യർ കാണുന്നതിനായി അവരുടെ മുമ്പാകെവെച്ചു നിങ്ങൾ നീതിപ്രവൃത്തിക്കാതെയിരിക്കാൻ സൂക്ഷിപ്പിൻ; അല്ലെങ്കിൽ, സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിന്റെ സമ്മാനം നിങ്ങൾക്കുണ്ടാകയില്ല. ആകയാൽ നിങ്ങൾ ധർമ്മപ്രവൃത്തി ചെയ്യുമ്പോൾ മനുഷ്യരാൽ ബഹുമാനിക്കപ്പെടുന്നതിനു സിനഗോഗിലും തെരുവീഥികളിലും വെച്ചു ചെയ്യുവരുന്ന കപടന്മാരെപ്പോലെ കാഹളം ഊതരുതു്. . . . നിങ്ങളുടെ ധർമ്മപ്രവൃത്തി രഹസ്യമായിരിക്കട്ടെ, രഹസ്യത്തിൽ കാണുന്ന നി

ങ്ങളുടെ പിതാവു നിങ്ങൾക്കു പ്രതിഫലം നല്കും" (മത്തായി. 6. 1. 4.) ഏതു പ്രവൃത്തികൾകൊണ്ടു വിലയുള്ളതെന്നും വിലയുള്ള പ്രവൃത്തിയുടെ വില എന്തുമാത്രമാണെന്നും അനേകം ശതകങ്ങളോളം ആൎക്കും നിശ്ചയമുണ്ടായിരുന്നില്ല. ഏതു പ്രവൃത്തികൾകൊണ്ടു വിലയുള്ളതെന്നും, ആ വില ഏന്താണെന്നും ക്രിസ്തു നിൎണ്ണയിച്ചു കല്പിച്ചിട്ടുണ്ടു്. അകയാൽ ഈ പ്രമാണങ്ങളിൽ ഏതെങ്കിലും ഒന്നിനെ ലംഘിക്കയും അപ്രകാരം പഠിപ്പിക്കയും ചെയ്യുന്നവൻ സ്വൎഗ്ഗീയരാജ്യത്തിൽ നിസ്സാരനായിരിക്കും. എന്നാൽ അവയെ പ്രവൃത്തിക്കയും പഠിപ്പിക്കയും ചെയ്യുന്നവൻ സ്വൎഗ്ഗീയരാജ്യത്തിൽ വലിയവൻ എന്നു് നാമകരണം ചെയ്യപ്പെടും." (മത്തായി 5. 19.) ദൈവത്തിന്റെ സകല കല്പനകളുടെയും അനുസരണത്തിനാണു വിലയുള്ളതു്. അതാണു് നിത്യസമ്മാനത്തിനായി മാററം ചെയ്യാവുന്ന "സ്വൎഗ്ഗീയരാജ്യത്തിലെ നാണയം" ഈ സൌഭാഗ്യത്തെ വാങ്ങുന്നതിനു ഇതിനു മാത്രമെ ശക്തിയുള്ളു. ഈ നാണയത്തെയാണു നമ്മളേവരും സമ്പാദിക്കുന്നതിനു സൎവ്വാത്മനാ പരിശ്രമം ചെയ്യേണ്ടതു്.

## യഹൂദ ജാതിക്കാരുടെ മാനസാന്തരം.

(ശ്രീമാൻ എൽ. സി. ഐസക്ക് ബി. ഏ.)

യഹൂദജാതിയിൽ നിന്നു മാനസാന്തരപ്പെട്ടു കത്തോലിക്കാസഭയിൽ പ്രവേശിക്കയും പിന്നീടു ഒരു വൈദികനായിത്തീരുകയും ചെയ്ത ഫാദർ ഹെർമാൻ കോഹൻ (I82J–1871) ചെറുപ്പം മുതല്ക്കെ മതനിഷ്ഠയുള്ള ഒരു ദേഹമായിരുന്നു. കുട്ടിക്കാലത്തു ഹാംബർഗിലെ യഹൂദദേവാലയത്തിൽ പ്രധാനാചാൎയ്യൻ പരിശുദ്ധ സ്ഥലത്തു പ്രവേശിച്ചു പീഠത്തിങ്കലെ തിരശീല മാററി ഒരു കതകു തുറക്കുന്നതു കാണുമ്പോഴെല്ലാം എന്തെന്നില്ലാത്ത പ്രതീക്ഷയുടെയും ആശയുടേയും ഒരു ശക്തിയാൽ അദ്ദേഹം ഗ്രസിതനായിത്തീരുകയും പിന്നീടു നിരാശയിൽ പതിക്കയും ചെയ്തിട്ടുള്ളതായി പ്രസ്താവിച്ചിരിക്കുന്നു. ഒടുവിൽ യാദൃശ്ചികമായി അദ്ദേഹം വിശുദ്ധ കുൎബ്ബാനയുടെ ആശീൎവ്വാദസമയം ഒരു കത്തോലിക്കാ ദേവാലയത്തിൽ സന്നിഹിതനാകുന്നതിനിടയായി. അവിടെയും ആചാൎയ്യൻ വിശുദ്ധ സ്ഥലത്തേക്കു പ്രവേശിച്ചു യഹൂദാചാൎയ്യനെപ്പോലെ പീഠത്തിങ്കലെ തിരശീല മാററുന്നതു കണ്ടു. വൈദികൻ തിരുവോസ്തി എടുത്തു ജനക്കൂട്ടത്തെ ആശീൎവ്വദിച്ചു. ഹെർമാന്റെ ഹൃദയത്തിൽ ദിവ്യവെളിച്ചം പ്രകാശിച്ചു. അദ്ദേഹം സത്യത്തിന്റെ വഴിയും നിത്യജീവനും കണ്ടെത്തി.

1847 മെയ് മാസത്തിലാണു് ഈ സംഭവമുണ്ടായതു്. ഇതിനുശേഷം യഹൂദജാതിക്കാരുടെയിടയിൽ നിന്നുള്ള മാനസാന്തരം ക്രമപ്രവൃദ്ധമായി വൎദ്ധിച്ചുകൊണ്ടേയിരുന്നു. 1927 ന്റെ ആരംഭത്തിങ്കൽ 11-ാം പീയൂസ് മാൎപ്പാപ്പാ തിരുമനസ്സുകൊണ്ടു യഹൂദമാനസാന്തരം അപ്പസ്തോലപ്രാൎത്ഥനയുടെ പ്രത്യേക ഉദ്ദേശമായി പ്രഖ്യാപനം ചെയ്തു. കഴിഞ്ഞ നൂററാണ്ടിൽ ഇസ്രായേൽ മക്കൾക്കുവേണ്ടി തിരുസഭയിൽ ചെയ്തിരുന്ന പരിശ്രമങ്ങളെപ്പററി അറിഞ്ഞിട്ടില്ലാത്ത ഒരു കത്തോലിക്കനു പരിശുദ്ധ പിതാവിന്റെ നിയോഗം അനല്പമായ ആശ്ചൎയ്യത്തിനു കാരണമാകാതിരിക്കയില്ല. തിരുസഭയോടുകൂടുള്ള പ്രാൎത്ഥനയുടെ നിയോഗമായി ഇതു നി

ശ്ചയിക്കപ്പെട്ടതിൽ മിശിഹായുടെ വികാരി കത്തോലിക്കാസഭയുടെ സവിശേഷമായ ശ്രദ്ധയെ ഏററം പ്രധാനമായ ഒരു ആവശ്യത്തിലേക്കാണ് തിരിച്ചിരിക്കുന്നതു്. യഹൂദ മാനസാന്തരം വിഷമകരമെങ്കിലും അസാദ്ധ്യമല്ലെന്നുള്ളതിനു ലക്ഷ്യങ്ങളില്ലാതെയുമില്ല. അതിനാൽ പുരാതനകാലംമുതല്ക്കേ വിശ്വാസികൾക്കു ഈ ജനക്കൂട്ടത്തെപ്പററിയുണ്ടായിരുന്ന അവജ്ഞ ഉപേക്ഷിച്ചു അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനു കാലമായിട്ടുണ്ടു്.

കത്തോലിക്കരോടു യഹൂദന്മാർക്കുണ്ടായിട്ടുള്ള സൌഹാർദ്ദത്തിനു ലക്ഷ്യമായി അസ്ത്രിയായിലെ ഒരു സംഭവം ഇവിടെ പ്രസ്താവിക്കുന്നതു സന്ദർഭോചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു. ബുഡാപ്പെസ്റ്റിൽ കഴിഞ്ഞ പെസഹാനാളിൽ രോഗബാധിതനായിരുന്ന കർദ്ദിനാൾ സെർനോക്കിനു വേണ്ടി യഹൂദ പ്രധാനാചാര്യൻ പരസ്യമായി ജനക്കൂട്ടത്തിന്റെ മദ്ധ്യേ വച്ചു ഭക്തിപൂർവ്വം ചൊല്ലിയ പ്രാർത്ഥനയിതാണ്. "കരുണയുള്ള ദൈവമേ, എല്ലാവരാലും ഞങ്ങൾ ഞെരുക്കപ്പെട്ടിരുന്ന ആപത്തിന്റെ കാലത്തു ഞങ്ങളുടെ സഹായാർത്ഥം പരിശ്രമിച്ച ആളിനുവേണ്ടിയുള്ള ഞങ്ങളുടെ പ്രാർത്ഥനയേ നീ കേൾക്കേണമേ. അയാളുടെ മനസ്സിനും ശരീരത്തിനും നീ പൂർണ്ണസൌഖ്യം നൽകി അയാളുടെ സഭയ്ക്കു ഒരലങ്കാരവും ഞങ്ങളുടെ അഭയസ്ഥാനവുമായി അയാൾ വിളങ്ങുവാൻ നീ അയാൾക്കു ദീർഘായുസ്സു നൽകേണമേ."

ഏതെങ്കിലും ഒരു വലിയ കാര്യസാദ്ധ്യത്തിനു വിശ്വാസികൾ ഹൃദയപൂർവ്വം സഹകരിക്കുക സാധാരണമാണ്. ഇപ്രകാരമാണ് വിശ്വാസികൾ ഇംഗ്ലണ്ടു, ചൈനാ, ജപ്പാൻ മുതലായ രാജ്യങ്ങളുടെ മനസ്സുതിരിവിനുവേണ്ടി പ്രാർത്ഥിക്കയുണ്ടായതു്. എന്നാൽ ആ നിയോഗങ്ങളിലേപ്പോലെ തങ്ങളുടെ വിശ്വാസത്തിന്റെ പാരമ്പര്യശത്രുക്കളായി ഗണിക്കപ്പെടുന്ന യഹൂദന്മാർക്കു വേണ്ടി പ്രാർത്ഥിക്കുന്ന കാര്യത്തിൽ കത്തോലിക്കർക്കു പെട്ടെന്നു അത്ര വലിയ ഉത്സാഹം ഉണ്ടാകാനിടയില്ലെന്നു പറയപ്പെടുന്നു. ആരംഭം മുതൽ യഹൂദർ തിരുസഭയുടെ പ്രധാന ശത്രുക്കളാണെന്നുള്ളതു ശരിതന്നെ. അനേകം പ്രാവശ്യം അവരുടെ ശ്രമങ്ങളിൽ നിന്നു വിരമിക്കേണ്ടതായി വന്നിട്ടുണ്ടെങ്കിലും അവർ ഇന്നും സഭയുടെ പ്രത്യേക ശത്രുക്കളായ ജനക്കൂട്ടമായി നിൽക്കുന്നു. യഹൂദരുടെ ഈ അജ്ഞതയാകുന്ന "തീഷ്ണത ജ്ഞാനത്തിന്മേൽ സ്ഥാപിതമല്ലെന്നു" വിശുദ്ധ പുസ്തകത്തിൽ പ്രവചിച്ചിട്ടുള്ളതാണ്.

യഹൂദന്മാരുടെ നിബന്ധപൂർവ്വമുള്ള ശത്രുതയ്ക്കു നാം അവരോടു വിരോധം ഭാവിക്കാതെ സഹതാപത്തോടുകൂടി വർത്തിക്കേണ്ടതാണ്. ഒരു നിമിഷത്തിൽ സോളിന്റെ മനസ്സുതിരിച്ച ദൈവം പ്രാർത്ഥനയുടെ ഫലമായി തിരുസഭയുടെ ഏററം വലിയ ശത്രുക്കളെ സഭയുടെ അപ്പസ്തോലന്മാരാക്കിയേക്കാം. ഒരു നല്ല കത്തോലിക്കൻ വിശ്വാസത്തിലുള്ള തൈക്ഷ്ണ്യംകൊണ്ടു ഒരു യഹൂദനെ ദ്വേഷിക്കണമെന്നില്ല. എന്തെന്നാൽ അവർ സഭയ്ക്കു പുറത്താണെങ്കിലും "എല്ലാ ഏറക്കുറവുകളെ ക്ഷമിക്കയും എല്ലാത്തിന്റെയും പ്രത്യാശ"യുമായിരിക്കുന്ന കൃസ്തീയ ഉപവിയിൽ അവരും ഉൾപ്പെടുന്നുണ്ടു്.

വാസ്തവം ആലോചിച്ചാൽ അകത്തോലിക്കരായ എല്ലാ ജനവിഭാഗങ്ങളിലും വച്ചു് യൂദജനമാണ് നമ്മുടെ സഹായത്തെ പ്രധാനമായി അർഹിക്കുന്നതു്. വാഗ്ദത്തത്തിന്റെ മിശിഹാ ആയ ക്രിസ്തുനാഥന്റെ അവതാരംവരെ അത്ഭുതകരമായി നിറവേററിയിട്ടുള്ള ദൈവത്തിന്റെ വാഗ്ദാനങ്ങളെല്ലാം യൂദജനത്തിനാണ് നൽകിയിട്ടുള്ളതു്. അവരിൽ നിന്നു നമ്മുടെ പൂർവ്വപിതാക്കന്മാരും ദീർഘദർശികളും പണ്ഡിതന്മാരും അപ്പസ്തോലന്മാരും ആവിർഭവിച്ചു. മാത്രമല്ല നമ്മുടെ ദിവ്യരക്ഷകനും തന്റെ പരിശുദ്ധ മാതാവും അവരുടെയിടയിലാണ് ജാതരായതു്. കൃസ്തീയഹൃദയത്തിൽ പ്രധാനമായി കുടികൊള്ളുന്ന ആ ദിവ്യരൂപങ്ങൾ ലോകത്തിലായിരുന്നപ്പോൾ അ

വരുടെ ബാഹ്യാകൃതി എന്തായിരുന്നുവെന്നു നാം യഹൂദന്മാരെ നോക്കി മനസ്സിലാക്കുന്നു. ഈ വിചാരം, യഹൂദവർഗ്ഗത്തോടു നമുക്കു അവജ്ഞയുണ്ടെങ്കിൽ അതിനെ നീക്കേണ്ടതാണ്. കൂടാതെയും മിശിഹായുടെ മാനുഷികമായ ഹൃദയം ലോകനിയമപ്രകാരം അദ്ദേഹ സംബന്ധികളും ഗോത്രക്കാരുമായവരുടെ പിൻതിരിവിനെ ആഗ്രഹിക്കുന്നില്ലെന്നു വിചാരിക്കാമോ?

ലോകരീത്യാ നോക്കുന്നെങ്കിൽ യഹൂദന്മാരുടെ മാനസാന്തരം വളരെ ദുർഘടതരമായിട്ടുള്ളതാണ്. ലോകത്തിൽ അവർ ചിന്നിച്ചിതറിക്കിടക്കുന്നതാണ് ശരിയായ പ്രേഷകത്വം അവർക്കുവേണ്ടി ആരംഭിക്കുന്നതിനുള്ള പ്രധാന പ്രതിബന്ധം. 20 നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും അവരുടെ നിർബന്ധപൂർവ്വവും വാശിയോടുകൂടിയതുമായ മനഃസ്ഥിതിക്കു യാതൊരു വ്യത്യാസവും വന്നിട്ടില്ല. അവരുടെ ബാഹ്യസ്ഥിതിയിൽ അവർ സന്തോഷിക്കുന്നെങ്കിൽ അഹങ്കാരഭരിതരായ അവരുടെ ഹൃദയത്തെ ദൈവം ഭേദിപ്പിക്കുന്നതെങ്ങിനെ? എന്നാൽ ക്രിസ്തീയ സ്നേഹം വിഷമതകളെ നോക്കുന്നില്ല. ക്രീസ്തുവിന്റെ നാമത്തിൽ ഗലീലായിലെ പന്ത്രണ്ടു മീൻപിടുത്തക്കാർ അജ്ഞാനലോകത്തെ അധീനപ്പെടുത്താൻ ധീരതയോടെ പുറപ്പെട്ടതുപോലെ പ്രയാസമായ കാര്യമെന്തുണ്ട്?. ഈ ശ്രമം വെറും ഭ്രാന്തായി അപഹസിക്കപ്പെടേണ്ടതല്ലയോ? എന്നാൽ ഈ മീൻപിടുത്തക്കാരുടെ പുറപ്പാടിന്റെ ഫലമെന്തായിരിക്കുന്നു.

ദൈവവരപ്രസാദമാണ് എല്ലാ മാനസാന്തരത്തിന്റേയും അടിസ്ഥാനം. ഈ വരപ്രസാദവർഷം 160 ലക്ഷത്തോളം വരുന്ന യഹൂദജാതിക്കാരുടെ മേലുണ്ടാകുവാൻ പ്രാർത്ഥിക്കുന്നതിനു നാം കടപ്പെട്ടവരാണ്. ദൈവം തന്റെ ജനത്തെ ഉപേക്ഷിച്ചിട്ടില്ലെന്നും അവരുടെ മനസ്സുതിരിവ് ദൈവത്തിന്റെ വാഗ്ദത്തം നിറവേററുന്ന ഒരു കൃത്യം മാത്രമായിരിക്കുമെന്നും വി. പൌലോസു എഴുതിയിരിക്കുന്നു. ഇക്കാരണത്താലാണ് "യൂദവർഗ്ഗത്തിന്റെ അധഃപതനം നിത്യമോ, സാർവ്വത്രികമോ, അപരിഹാര്യമോ, അല്ല" എന്നു വി. തോമസ അക്വിനാസ് പ്രസ്താവിക്കുന്നത്.

യഹൂദജനത്തിന്റെ മാനസാന്തരത്തിനു പ്രധാനമായി രണ്ടു പ്രായോഗിക പദ്ധതികൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. ഒന്നാമതായി ഇവരോടിടപെടുന്നവരെല്ലാം പാരമ്പര്യമായി സിദ്ധിച്ചിരിക്കുന്ന വിരോധമനസ്ഥിതി ഉപേക്ഷിച്ചു അനുകമ്പയോടുകൂടി പെരുമാറി പരസ്പരാനുഭാവമുണ്ടാക്കണം. ഇങ്ങനെ ക്രീസ്തുവിന്റെ സ്നേഹംവഴി ക്രീസ്തുവിന്റെ രാജ്യത്തിലേക്കു അവരെ ആനയിപ്പിക്കാം. രണ്ടാമതായി എല്ലാശക്തികളേയും വെല്ലുന്ന പ്രാർത്ഥനയാകുന്ന ആയുധം പ്രയോഗിച്ചാൽ അസാദ്ധ്യമായി യാതൊന്നുമില്ല. വിശ്വാസികളേവർക്കും ദിവസന്തോറും അനേകായിരം പേരോടുകൂടി താഴെ കാണുന്ന പ്രാർത്ഥനയിൽ ചേരാവുന്നതാണ്. "സകലനന്മയുടെ ഉറവിടവും, കരുണയുള്ള പിതാവുമായ ദൈവമേ, ഇസ്രായേൽ മക്കൾ രക്ഷയുടെ ഏകമാർഗ്ഗമായ മിശിഹായെ അറിയുന്നതിനും വീണ്ടെടുപ്പിന്റെ ഫലം അനുഭവിക്കുന്നതിനും കൃപയുള്ള നിന്റെ തിരുക്കണ്ണുകളെ നീ അവരുടെമേൽ പതിക്കേണമെന്നു ഞങ്ങളുടെ പൂർവ്വപിതാക്കന്മാരുടെയും വി. അപ്പസ്തോലന്മാരുടെയും മദ്ധ്യസ്ഥതയിൽ പരിശുദ്ധ ദേവമാതാവിന്റെ അമലോത്ഭവത്തെക്കുറിച്ചു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

"പിതാവേ; നീ അവരോടു ക്ഷമിക്കേണമെ. എന്തുകൊണ്ടെന്നാൽ അവർ ചെയ്യുന്നതെന്തെന്നു അവർ അറിയുന്നില്ല."

## ജ്ഞാനസ്നാനം. (തുടൎച്ച.)

(റവ. ഫാദർ തോമ്മസ് കളം.)

ശിശുവിന്റെ മുഖത്തു കാൎമ്മികനായ പുരോഹിതൻ ശ്വാസനം ചെയ്യുന്നതിന്റെ സാരമെന്തു്?

പരിശുദ്ധാത്മാവിനെ മ്ശിഹാ തന്റെ ശിഷ്യഗണത്തിനു പ്രദാനം ചെയ്യുമ്പോൾ താൻ അവരുടെ മേൽ നിശ്വസിച്ചു എന്നതിന്റെ അനുകരണമായിട്ടാകുന്നു. ഇപ്രകാരം ചെയ്യുന്നതു്. (വി. യോഹ. XX; 22) ആദത്തിനു സ്വാഭാവികജീവനെ കൊടുത്തപ്പോൾ ദൈവം അയാളുടെ മേൽ ശ്വാസിച്ചതുപോലെ മാമ്മോദീസായിൽ അതിസ്വാഭാവികമായ ജീവനെ പ്രദാനം ചെയ്യുന്നതിന്റെ ജ്ഞാപകത്തിനായി സ്നാനപ്പെടുന്ന ആളിന്റെ മേൽ ശ്വാസിക്കുന്നു എന്നു വി. ക്രിസോസ്തോമ്മാസ് രേഖപ്പെടുത്തിയിരിക്കുന്നു.

ജ്ഞാനസ്നാനപ്പെടുന്ന ആളിന്റെ മേൽ പലപ്രാവശ്യം കുരിശിന്റെ അടയാളം വരയ്ക്കുന്നതു എന്തിനു്?

മ്ശിഹായുടെ ശക്തിമൂലവും തന്റെ കുരിശുമരണത്തിന്റെ യോഗ്യതവഴിയായും മാമ്മോദീസാ ജന്മപാപത്തെ കഴുകി ശുദ്ധമാക്കുന്നു എന്നും മേലിൽ, ജ്ഞാനസ്നാനപ്പെടുന്നയാൾ ക്രൂശിക്കപ്പെട്ട മ്ശിഹായുടെ ഒരു അനുഗാമിയാണെന്നും നിത്യരക്ഷയുടെ പ്രതിയോഗികൾക്കു് എതിരായി സധൈൎയ്യം മ്ശിഹായുടെ ധ്വജത്തിൻ കീഴിൽ സമരം ചെയ്തു നടക്കണമെന്നും മരണംവരെ മ്ശിഹായുടെ കുരിശിന്റെ വഴിയെ അനുധാനം ചെയ്യണമെന്നും സൂചിപ്പിക്കുന്നതിനാകുന്നു.

ജ്ഞാനസ്നാനപ്പെടുന്നവന്റെ വായിൽ അല്പം ലവണം ഇടുന്നതെന്തിനാണു്?

ക്രിസ്തീയജ്ഞാനത്തിന്റെ ഒരു ജ്ഞാപകമായിട്ടും പാപവ്രണത്തിൽനിന്നു സംരക്ഷിക്കുന്ന ഒരു പ്രത്യേക ഔഷധത്തിന്റെ അടയാളമായിട്ടുമാണു് അതിനെ കൊടുക്കുന്നതു്.

കണ്ണുകളിലും നാസാരന്ധ്രങ്ങളിലും തുപ്പൽകൊണ്ടു തൊടുന്നതിന്റെ ഗൂഢാൎത്ഥമെന്താകുന്നു?

കുരുടനായി ജനിച്ചവന്റെ കണ്ണിൽ തുപ്പൽതൊട്ടു മ്ശിഹാ കാഴ്ച കൊടുത്തതുപോലെ ജ്ഞാനസ്നാനം ആത്മാവിന്റെ ആദ്ധ്യാത്മികാന്ധതയെ നീക്കുകയും സ്വൎഗ്ഗീയജ്ഞാനത്തെ ദൎശിക്കുന്നതിനും സ്പൎശിക്കുന്നതിനും വൈദികസദുപദേശശകലങ്ങളെ ശ്രവിക്കുന്നതിനും മ്ശിഹായുടെ ഒരു പരിമളമായി പരിണമിക്കുന്നതിനുമായി അവന്റെ ഹൃദയം തുറക്കുകയും ചെയ്യുന്നതിന്റെ ലക്ഷണമായിട്ടാണെന്നു വി. അംബ്രോസീസു അഭിപ്രായപ്പെടുന്നു.

പിശാചിനെയും അവന്റെ ആഘോഷങ്ങളെയും നീ ഉപേക്ഷിക്കുന്നുവോ എന്നു വൈദികൻ ചോദിക്കുന്നതിന്റെ സാരമെന്താണു്?

ഒരു ഉത്തമ ക്രിസ്ത്യാനിയുടെ ജീവിതത്തിൽ പിശാചിനു എതിരായി സമരം നടത്തുന്നതിനും അവന്റെ വിവിധതരത്തിലുള്ള ആഘോഷങ്ങളെയും പ്രവൃത്തികളെയുമെല്ലാം നിശ്ശേഷം ഉപേക്ഷിക്കുന്നതിനും കടപ്പെട്ടിരിക്കുന്നു എന്നു അവനെ മനസ്സിലാക്കുന്നതിനുവേണ്ടിയാണു്. ജ്ഞാനസ്നാനം സ്വീകരിച്ച ഒരാളിനെപ്പററി വി. അമ്പ്രോസീസു പറയുന്നതിനെ ശ്രവിച്ചാലും. "പിശാചിനെയും അവന്റെ സകല പ്രവൎത്തികളേയും നീ ഉപേക്ഷിക്കുന്നുവോ എന്നു പട്ടക്കാരൻ ചോദിക്കുമ്പോൾ നീ എന്തു് ഉത്തരിക്കുന്നു? ഞാൻ അവയെല്ലാം ഉപേക്ഷിക്കുന്നു എന്നു മറുപടി പറയുന്നു. ഇവ ഒരിക്കലും നിന്റെ മനസ്സിൽനിന്നു പോകാത്തവിധം സദാ ഈ പ്രതിജ്ഞയെപ്പററി ചിന്തിക്കുക. ഒരു മനുഷ്യനു മറെറാരുത്തൻ ഒരു നോട്ടു എഴുതിക്കൊടുത്താൽ അതിന്നനുസരിച്ചു വൎത്തിക്കാ

ൻ കടപ്പെടുന്നില്ലയോ? അതുപോലെ തന്നെ ദൈവത്തിൻെറ പ്രതിപുരുഷനായ പട്ടക്കാരനോടാണ് നീ വാഗ്ദാനം ചെയ്യുന്നതെന്നു ഗ്രഹിക്കുക. നിൻെറ ഉടമ്പടിയെ ഇഹത്തിലല്ല. പരത്തിലത്രെ സൂക്ഷിച്ചിരിക്കുന്നതെന്നു മനസ്സിലാക്കുക. ഈദൃശമായ പ്രതിജ്ഞയെപ്പററി ഞാൻ സ്മരിക്കുന്നപോലുമില്ല. അതുകൊണ്ടു ഞാൻ ഇതിൽ നിർദ്ദോഷിയാണ് എന്നും മററുമുള്ള ഒഴിവുകഴിവു് പറയേണ്ട. ഒരുപക്ഷെ പറഞ്ഞാൽ പട്ടാളത്തിൽ ചേന്ന് ഒരു യോദ്ധാവിനോടു യുദ്ധകാലത്തു പ്രതിയോഗിയോടു സമരം ചെയ്യുന്നതിനു ആജ്ഞാപിക്കയിൽ പട്ടാളക്കാരുടെ പട്ടികയിൽ പേരെഴുതിച്ചപ്പോൾ യുദ്ധം ചെയ്യാനിടവരുമെന്നു സ്വപ്നേപി ഞാൻ വിചാരിച്ചില്ലന്നു പറയുന്നതുപോലെയിരിക്കും." (തുടരും.)

## തിരുഹൃദയഭക്തന്മാർ ൲൱൩ ചിങ്ങമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

### ഗൂഢശാസ്ത്രങ്ങളുടെ വിനാശം.



സ്രഷ്ടാവായ ദൈവത്തെ മനുഷ്യരെല്ലാവരും പരിപൂർണ്ണ ഹൃദയത്തോടേ സ്നേഹിക്കയും ആരാധിക്കയും ചെയ്യണമെന്നുള്ളതു നീതിസ്വരൂപിയായ ദൈവത്തിൻെറ അലംഘനീയമായ പ്രമാണമാകുന്നു. ദൈവത്തിനു ചെല്ലേണ്ടതായ ആരാധനവണക്കങ്ങൾ മററു സൃഷ്ടികൾക്കു സമപ്പിക്കയോ, പരമകർത്താവായ ദൈവത്തെയെന്നപോലെ അവയെ ആശ്രയിച്ചു അൎത്ഥിക്കയോ ചെയ്യുന്നതു സ്രഷ്ടാവിനോടു സൃഷ്ടികൾക്കു ചെയ്യാൻ പാടുള്ളതിൽ വലിയ അന്യായവും ദ്രോഹവുമാണെന്നു സ്വയംവിശദമാണല്ലോ. ഇതിനാൽ പിശാചിനെ ആരാധിക്കയോ അവൻെറ സഹായം തേടുകയോ ചെയ്യുന്നവരെല്ലാവരും ദൈവപ്രമാണത്തിനെതിരായ ഭയങ്കരപാപമാണു ചെയ്യുന്നതു്. "ഇക്കാണുന്ന ലോകമെല്ലാം എൻേറതാണ്. എന്നെ ആരാധിക്കുന്നപക്ഷം ഇതെല്ലാം നിനക്കു തരാം" എന്നു ദൈവപുത്രനോടുപോലും ഭോഷ്ക്കു പറവാൻ മടിക്കാത്ത ഈ അന്ധകാരപ്രഭു പൂർവ്വം മുതൽ അനേകരെ അവൻെറ പാർശ്വത്തിലേക്കു ആകർഷിച്ചുവരുന്നുണ്ടു്. ലോകം പരിഷ്കാരത്തെ പ്രാപിച്ചുവരുന്നതോടുകൂടെ പല പരിഷ്കൃത രീതികളിൽ തന്നെയും പിശാചു മനുഷ്യരേ തട്ടിച്ചുവരുന്നു. ഇങ്ങനെ ദുഷ്ടാരൂപികളോടുള്ള സംസർഗ്ഗവും, അവരുടെ സഹായങ്ങൾ പ്രാപിക്കുന്നതിനുള്ള വിധങ്ങളും സംബന്ധിച്ചു പല നവീന ശാസ്ത്രങ്ങൾ ജനതാമദ്ധ്യത്തിൽ പരന്നിട്ടുണ്ടു്. എണ്ണമില്ലാത്ത ആത്മനാശങ്ങൾ ഈ വഴിക്കു നരകുലത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നതിനാൽ സത്യദൈവത്തിൻെറ ആരാധകന്മാരും, നരകസൈന്യത്തിൻെറ ശത്രുക്കളുമായ സകലരും സദാ ഈദൃശ നരകീയ ശാസ്ത്രങ്ങളോടു എതിർത്തുപോരാടേണ്ടതാകുന്നു. ഗൂഢപത്രം അടിയായ പഴയപേരുകളിൻകീഴ അറിയപ്പെട്ടാലും, മാഗ്നെറീസം, ഹിപ്നോ

ട്ടീസം, സ്പിരിട്ടീസം മുതലായ നവീന അഭിധാനങ്ങളില്‍ പ്രത്യക്ഷപ്പെട്ടാലും, യഥാര്‍ത്ഥത്തില്‍ ദുഷ്ടാരൂപികളുമായി ഏതുതരത്തിലുമുള്ള ബന്ധം സത്യവിശ്വാസികള്‍ക്കു സര്‍വ്വഥാ നിഷിദ്ധമായിട്ടുള്ളതാണെന്നു കത്തോലിക്കര്‍ എപ്പോഴും അറിഞ്ഞു പ്രവര്‍ത്തിക്കേണ്ടവരാകുന്നു. ഇപ്രകാരമുള്ള ഗ്രന്ഥശാസ്ത്രങ്ങള്‍ നിര്‍മ്മൂലമാകുന്നതിനും വഴിപിഴച്ച ആളുകള്‍ തട്ടിക്കപ്പെടാതിരിക്കുന്നതിനും വേണ്ടി തിരുഹൃദയഭക്തന്മാര്‍ ഈ മാസത്തില്‍ പ്രത്യേകം പ്രാര്‍ത്ഥിക്കണം.

സെപ്റ്റംബര്‍ മാസം— "മേലധികാരികളോടുള്ള ബഹുമാനം."

## കര്‍മ്മെലനാഥയുടെ കുഞ്ഞുമക്കള്‍ക്ക്.

### 1. വി. ലൂയീസ് ഗൊണ്‍സാഗാ.

#### 9. ദൈവവിളിപ്പ്.

പ്രിയകുഞ്ഞുങ്ങളേ,

സ്പെയിന്‍ രാജധാനിയില്‍ ഒന്നരക്കൊല്ലത്തോളം വി. ലൂയീസു താമസിച്ചു. അപ്പോള്‍ പുണ്യവാനു പതിനഞ്ചുവയസ്സു പ്രായമായിരുന്നു. ലോകത്തെ ഉപേക്ഷിച്ചു വല്ല സന്യാസസഭകളിലും പ്രവേശിച്ച് പൂര്‍ണ്ണമായി ദൈവത്തിനു ശുശ്രൂഷചെയ്യണമെന്നുള്ള അഗ്രഹം ഈ കാലങ്ങളിലെല്ലാം പുണ്യവാന്‍ പിന്തുടന്നിരുന്നു കാരണം അരമനവാസം ലൂയീസിനു ഒട്ടും സുഖപ്രദമായിരുന്നില്ല. അങ്ങനെയിരിക്കെ ദിയാഗോ രാജകുമാരനു ഒരു പനിപിടിപെട്ട് അകാലമൃത്യു പ്രാപിച്ചു. ലൂയീസിന്റെ അരമനസേവ അതോടേ അവസാനിപ്പിക്കാറായെന്നു മാത്രമല്ല തന്റെ ദൈവവിളിപ്പിന്റെ കാര്യം തീര്‍ച്ചപ്പെടുത്തുന്നതിനുള്ള അവസരവും ലഭിച്ചു. ഏതു സന്യാസസഭയിലാണ് പ്രവേശിക്കേണ്ടതെന്നുള്ള സംഗതികളും മററും വെളിപ്പെടുത്തിക്കൊടുക്കുന്നതിനായി ദൈവത്തോടും ദൈവജനനിയോടും നിരന്തരമായി പ്രാര്‍ത്ഥിച്ചുകൊണ്ടുവന്നു. 1583-ല്‍ ദൈവജനനിയുടെ സ്വര്‍ഗ്ഗാരോപണത്തിരുനാള്‍ ദിവസം ഈ ഉദ്ദേശത്തോടുകൂടെ പ്രത്യേക ഒരുക്കങ്ങള്‍ചെയ്തു ദിവ്യകാരുണ്യം ഉള്‍കൊള്ളുകയും ദൈവതിരുമനസ്സു അറിയിച്ചുകൊടുക്കണമെന്നു പരിശുദ്ധ അമ്മയോടു പൂര്‍ണ്ണനിര്‍വ്വിശേഷമായ ഭക്തിയോടേ പ്രാര്‍ത്ഥിക്കുകയും ചെയ്തു. അങ്ങിനെ പ്രാര്‍ത്ഥിച്ചുകൊണ്ടു നില്ക്കുമ്പോഴാണ് ഈശോസഭയില്‍ തന്നെ ചേരണമെന്നുള്ള വ്യക്തമായ ഒരു ബോധം ഉള്ളിലുണ്ടായത്. ദൈവത്തില്‍ നിന്നുതന്നെ ഉണ്ടായ വിളിയാണതു എന്നു പ്രത്യക്ഷപ്പെടുത്തുമാറു അനിര്‍വ്വചനീയമായ ദൈവികസമാധാനവും ആ സമയത്തു നമ്മുടെ വിശുദ്ധ ബാലകനുണ്ടായി. അനന്തരന്നെ തന്റെ കുമ്പസാരക്കാരനായിരുന്ന പത്തേര്‍നോ അച്ചനോടു ലൂയീസു ഈ വിവരം അറിയിച്ചു. ലൂയീസിന്റെ ആത്മസ്ഥിതികളെ നല്ലപോലെ ഗ്രഹിച്ചിരുന്ന അദ്ദേഹത്തിനു ഇതില്‍ ഒട്ടും അത്ഭുതം തോന്നിയില്ല. എങ്കിലും പിതാവായ പ്രഭുവിന്റെ അനുമതികള്‍ സിദ്ധിച്ചല്ലാതെ സഭയില്‍ സ്വീകരിക്കുന്നതല്ലെന്നു അദ്ദേഹം അറിയിക്കയും അതിനായി പ്രാര്‍ത്ഥിക്കുന്നതിനുപദേശിച്ചു അയക്കുകയുമാണു ചെയ്തതു്. അനന്തരം പുണ്യവാന്‍ അമ്മയോടു വിവരം അറിയിച്ചു. മകന്റെ ദൈവവിളിപ്പിന്റെയും തദനുസരണമായ നിശ്ചയത്തിന്റെയും സംഗതികള്‍ കേട്ടപ്പോള്‍ ഡോനമത്താ ദൈവത്തിനു കൃതജ്ഞതാസ്തോത്രം ചെയ്തുവെന്നു മാത്രമല്ല ഭര്‍ത്താവിനെ താന്‍ തന്നെ സംഗതി ധരിപ്പിച്ചുകൊള്ളാമെന്നു ഏറ്റേല്ക്കുകയും ചെയ്തു. ഫെര്‍ഡിനാണ്ടു പ്രഭുവാകട്ടെ ഈ വാര്‍ത്തയെല്ലാംകേട്ടപ്പോള്‍ വല്ലാതെ ക്ഷോഭിച്ചു വശമാകയാണു ചെയ്തതു.

## II. ഈ മാസത്തെ മദ്ധ്യസ്ഥൻ - വി. കയെതാനോസ്.

(തിരുനാൾ ആഗസ്റ്റ് 7-ാംനു ഞായർ.)

പതിനാറാം നൂററാണ്ടിൽ തിരുസഭയിൽ പ്രശോഭിച്ചിരുന്ന ദൈവജനനിയുടെ ഒരു വലിയ ഭക്തനാണ് ഈ പുണ്യവാൻ. ജനിച്ചപ്പോഴെ തന്നെ മാതാപിതാക്കന്മാർ അദ്ദേഹത്തെ പരിശുദ്ധമാതാവിനു കാഴ്ചകൊടുത്തിരുന്നു. വളർന്നുവന്നതിനോടെ വി. കയത്താനൂസ് താൻ സ്വർഗ്ഗീയരാജ്ഞിയുടെ പുത്രനാണെന്നു തന്റെ ജീവിതത്താൽ കാണിക്കയും ചെയ്തു. ഒരിക്കൽ പിറവിത്തിരുനാളിന്റെ തലേദിവസം ദൈവമാതാവു ഈ വിശുദ്ധനു കാണപ്പെട്ട് ദിവ്യ ഉണ്ണിയെ അദ്ദേഹത്തിന്റെ കരങ്ങളിൽ കൊടുക്കയുണ്ടായി. പുണ്യവാൻ മരിച്ച മാത്രത്തിൽ കിടക്കയിൽ മാലാഖമാരോടുകൂടെ പരലോകരാജ്ഞി പുണ്യവാനു പ്രത്യക്ഷയായി; "കയത്താനേ! എന്റെ പുത്രൻ നിന്നെ വിളിക്കുന്നു. നമുക്കു സമാധാനത്തിൽ പോകാം" എന്നു അരുളിച്ചെയ്തുകൊണ്ടു നിത്യഭാഗ്യത്തിലേക്കു അദ്ദേഹത്തെക്കൂടി കൊണ്ടുപോയി. ദൈവജനനിയുടെ വാത്സല്യമക്കളായി ജീവിക്കുന്നതിനും, പാപം ചെയ്യുന്നതിനേക്കാൾ മരിക്കുന്നതിനും വി. കയത്താനോസേ! ഞങ്ങൾക്കു മനോഗുണം തരുവിക്കണമേ.

## III. കെ. സി. സി. എ. ഡയറി.

ഈ മാസത്തിൽ ആകെ 54 രൂ. 4 ചക്രമാണു വരവുള്ളത്. അതിൽ പൊതുഫണ്ടുവക നാലു രൂപായിൽ മൂന്നു രൂപാകൊണ്ടു മരിച്ച രണ്ടു സഭാംഗങ്ങൾക്കുവേണ്ടി രണ്ടു കുർബാനയും ഒപ്പീസും നടത്തുകയും ഒരു രൂപാ ബേങ്കിലേൽപിക്കയും ചെയ്തു. ഇപ്പോൾ പൊതുഫണ്ടു ആകെ 52 രൂപായാണുള്ളത്.

എല്ലാവർക്കും അമ്മയുടെ സ്വർഗ്ഗാരോഹണ തിരുനാൾ മംഗളം പറയുന്നു. എന്നു നിങ്ങളുടെ സ്വന്തം കൊച്ചച്ചൻ.

---

## പുതിയ പ്രസിദ്ധീകരണം.

1. Manuale Cursus Asceticus.

Rev. Fr. Procurator, Puthenpally Seminary, Verapoly.

വില രണ്ടേകാൽ രൂപാ.

പുത്തൻപള്ളി സെമിനാരിയിലെ ആദ്ധ്യാത്മികോപദേഷ്ടാവായ റവ. ഫാദർ അവുരേലിയൻ സി. ഡി. അവർകൾ Cursus Asceticus എന്ന നാമത്തിൽ മുമ്പു പ്രസിദ്ധീകരിച്ചിട്ടുള്ള വിശിഷ്ടകൃതിയുടെ പരിഷ്കരിച്ച രണ്ടാം പതിപ്പാണു ഈ പുസ്തകം. നാലു ഭാഗങ്ങളിലായി എഴുനൂറോളം പക്ഷങ്ങളുള്ള ഈ പുതിയ പതിപ്പിൽ ഗ്രന്ഥകാരൻ പല പ്രധാന വിഷയങ്ങൾ കൂട്ടിച്ചേർത്തിട്ടുണ്ടു. പുരുക്കത്തിൽ ആദ്ധ്യാത്മികശാസ്ത്രം പഠിക്കാനും പഠിപ്പിക്കാനുമുള്ള വൈദിക ലോകത്തിനു ഇതു ഒരു പാഠ്യപുസ്തകം പോലെ ഉപകരിക്കുന്നതാണു. ഫാദർ അവുരേലിയൻ അവർകളുടെ ഈ വിധ ശ്രമങ്ങളെ ഞങ്ങൾ വീണ്ടും വീണ്ടും അഭിനന്ദിച്ചുകൊള്ളുന്നു.

---

## മനോഗുണവിവരങ്ങൾ.

വി. കൊച്ചുത്രേസ്യാ പുണ്യവതിയുടെ പ്രത്യേക സഹായത്താൽ പരീക്ഷയിൽ വിജയം സിദ്ധിച്ചതിനു ഉപകാരസ്മരണ. ഡി. കെ. കാഞ്ഞൂർ.

ഈശോയുടെ അനുഗ്രഹമുള്ള തിരുഹൃദയത്തിൽ നിന്നും വി. കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയാൽ എനിക്കു ലഭിച്ചിട്ടുള്ള പല മ

ന്നേഹങ്ങൾക്കു കൃതജ്ഞത പ്രദർശിപ്പിച്ചുകൊള്ളുന്നു. ഇ. ഏ. പി. തൃശ്ശൂർ.

മാർ യൌസേപ്പുപിതാവിന്റെ പ്രത്യേകസഹായത്താൽ പരീക്ഷയിൽ വിജയം പ്രാപിച്ചതിനു. സി. റ്റി. ജെ. മണിമല.

പരിശുദ്ധ ദൈവമാതാവു, വിശുദ്ധ കൊച്ചുത്രേസ്യാ, വി. യൌസേപ്പുപിതാവു ഇവരുടെ സഹായത്താൽ മലയാളം സ്കൂൾലീവിങ്ങ് പരീക്ഷ ജയിച്ചതിനു ഉപകാരസ്മരണ. ഏലിക്കുട്ടി പെരുങ്ങുഴ.

എന്റെ അമ്മയുടെ അനാരോഗ്യ സുഖക്കേടു വി. കൊച്ചുത്രേസ്യായുടെയും യൌസേപ്പുപിതാവിന്റെയും സഹായത്താൽ പൂർണ്ണസുഖം കിട്ടിയതിനു.

ഏലിസബത്തു ഫയോൺക്രൂട്ട്സ് തങ്കശ്ശേരി.

എന്റെ മകളുടെ പനി തിരുഹൃദയത്തിന്റെയും വി. കൊച്ചുത്രേസ്യായുടെയും സഹായത്താൽ നീങ്ങിയതു നേർച്ചപ്രകാരം കുസുമത്തിൽ പ്രസിദ്ധം ചെയ്യുന്നു.

എൽ. സി. തങ്കശ്ശേരി.

തിരുഹൃദയത്തിന്റെയും വി. കൊച്ചുത്രേസ്യായുടെയും മാർ അന്തോനീസു പുണ്യവാന്റെയും സഹായത്താൽ എന്റെ കുട്ടിയുടെ സുഖക്കേടു ഭേദപ്പെട്ടതിനു.

തെള്ളിയങ്കൽ ഉലഹന്നൻ - തായി
കോട്ടിക്കുളം.

വി. കൊച്ചുത്രേസ്യാ പുണ്യവതിയുടെ സഹായത്താൽ അപേക്ഷിച്ച കാര്യം സാധിക്കുന്നപക്ഷം മാസികയിൽ പ്രസിദ്ധപ്പെടുത്തിക്കൊള്ളാമെന്നു നേർന്നിട്ടുണ്ടായിരുന്നപ്രകാരം ചെയ്തുകൊള്ളുന്നു.

റവ. റ്റീ ഇ. ജെ. പാലാ.

വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ എന്റെ ഭാര്യയുടെ പ്രസവം കഴിഞ്ഞു കുട്ടിയും തള്ളയും സുഖമായി ജീവിച്ചിരിക്കുന്നതിന്റെ നന്ദിസൂചകം.

ബി പി. പി. പെരുമാത്തുറ.

തിരുഹൃദയത്തിന്റെയും മഞ്ഞുമാതാവിന്റെയും വി. കൊച്ചുത്രേസ്യാ പുണ്യവതിയുടെയും സഹായത്താൽ എന്റെ മകൻ ഫ്രാൻസീസ് ദെ അൽമേദായും, ജോൺ ദെ അൽമേദായും, ബ്ളാവി ദെ അൽമേദായും ഇക്കൊല്ലത്തെ പരീക്ഷയിൽ ജയിച്ചതിനു.

ടി. ഡി. അൽമേദാ പള്ളിപ്പുറം.

## ചരമവാർത്തകൾ.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

കാഞ്ഞിരപ്പള്ളി ഇടവക തെക്കേമുറിയിൽ മാത്തൻ ചാക്കോ ജൂൺ 3-നു 35 വയസ്സു.

കൊഴുവനാൽ പള്ളിയിടവക കൊട്ടുകാപ്പള്ളിൽ സ്കറിയാ ഈറാനിമ്മോസ് ജൂൺ 10-ാംനു 57 വയസ്സു.

പള്ളിപ്പുറം ഇടവക റവ. ഫാദർ ജോസഫ് ദെ അൽമേദാ അവർകളുടെ സഹോദരൻ ഫ്രാൻസീസ് ദെ അൽമേദാ ജൂൺ 11-ാംനു 20 വയസ്സു

കല്ലട ഇടവകയിൽ കോട്ടുവിള കരോട്ടു തെക്കേതിൽ കടവിൽ ബ്രിജീത്താ ജൂൺ 24-ാംനു 20 വയസ്സു.

ചിറളയം കർമ്മലീത്താ മഠത്തിന്റെ ശ്രേഷ്ഠത്തി ക. നി. മൂ. സ. ബ. തിരുഹൃദയസ. മറിയം ജൂൺ 30-ാംനു 49 വയസ്സു.

അരുവിത്തുറപ്പള്ളിയിടവക കൊച്ചുകണ്ടത്തുങ്കര ജോസഫ് ജൂലൈ 4-ാംനു 77 വയസ്സു.

പുത്തൻതോപ്പ 37-ാം നമ്പർ കെ. സി. സി. ഏ. ബാലികാസംഘത്തിന്റെ കഴിഞ്ഞകൊല്ലത്തെ സെക്രട്ടറിയും ഇക്കൊല്ലത്തെ സഭാംഗവുമായിരുന്ന ശ്രീമതി മേറി പെരേറാ ജൂലൈ 8-ാംനു 15 വയസ്സു.

പാലാ പള്ളിയിടവക ചൂരനോലിക്കൽ ഉലഹന്നൻ അവർകളുടെ അമ്മ ജൂലൈ 8-ാംനു 77 വയസ്സു.

തൃശ്ശൂർ 399-ാം നമ്പർ കെ. സി. സി. ഏ. ബാലസംഘത്തിന്റെ രണ്ടാം ആലോചനക്കാരനായിരുന്ന കെ. പി. അന്തോനി ജൂലൈ 12-ാംനു

ചങ്ങനാശേരി പള്ളിയിടവക ചിറമുഖത്തു ചെറിയാൻ കുഞ്ചെറിയയുടെ മകൻ ജോസഫ് ജൂലൈ 18-ാംനു, ടി. ചെറിയാന്റെ മകൾ അന്നാമ്മ ജൂലൈ 20-ാംനു.

പുതുക്കരിയിടവക മുട്ടാററിൽ ശ്രാമ്പിക്കൽ ക. നി. മൂ. സ. ബ. അപ്രേമച്ചന്റെ സഹോദരനും, ക. നി. മൂ. സ. ബ. തോമ്മാച്ചന്റെ പിതാവുമായ കുഞ്ചാക്കോ അവർകൾ ജൂലൈ 21-ാംനു 74 വയസ്സ്.

# പഞ്ചാംഗം.

എപ്പകത്തി ൨൭.　　　　൧൦൨　　　　ഞായറാഴ്ച അക്ഷരം . ൭

## ൧൯൨൭ ആഗസ്റ്റ് — ൧൧൦൨ കർക്കടകം — ചിങ്ങം.

| | | | | |
|---|---|---|---|---|
| 1 | 16 | തി | പത്രോ. ശ്ലീ. ഇടങ്ങൽ ന. ആ. ക. പെ. ✻ വേ. മക്കബായർ. | വെ |
| | | | പുത്തൻതോപ്പ് വി. ഇഗ്നേഷ്യസ് തിരുനാൾ. | |
| 2 | 17 | ചൊ | പാ. വേ. എസ്തപ്പാ. ന. ആ. ക. പെ. ✻ അ. മ. മ. അല്ഫോൻസ് | ച്ചു |
| 3 | 18 | ബു | വേ. എസ്തപ്പാ. ശരീരം കണ്ടെത്തൽ ന. ആ. ക. പെ. | ച്ചു |
| 4 | 19 | വ്യാ | മ. ഡൊമ്മിനീക്കോസ് ന. ആ. ക. പെ. | വെ |
| 5 | 20 | വെ | മഞ്ഞുമാതാ പള്ളികൂദാശ ന. ആ. ക. പെ. | വെ |
| 6 | 21 | ശ | (✠) ന. ക. പ്രത്യക്ഷത ന. ക. പെ. | വെ |
| 7 | 22 | ഞാ | ✠ പന്തക്കു. ൯-ാം ന. ക. ആ. ൭ ൨ ൪ ൭ | പ |
| 8 | 23 | തി | വേ. കുറിയാക്കോസും കൂട്ട. ന. ആ. ക. പെ. | ച്ചു |
| 9 | 24 | ചൊ | വേ. ലവറന്തി. തലേ. ന. ആ. ക. തലേ. | റോ |
| 10 | 25 | ബു | വേ. ലവറന്തി. ന. ആ. ക. പെ. | ച്ചു |
| 11 | 26 | വ്യാ | വേ. തിബൂർത്തിയോസും കൂട്ട. ന. ആ. ക. പെ. | ച്ചു |
| 12 | 27 | വെ | ക. ക്ലാര ന. ആ. ക. പെ. ✻ അ. മ. അൽബർത്തോസു. | ച്ചു |
| 13 | 28 | ശ | വേ. ഹിപ്പൊളിറ്റ കൂട്ട. ന. ആ ക. പെ. ✻ യോ. ബർക്കുമാൻ. | ച്ചു |
| 14 | 29 | ഞാ | ✠ പന്തക്കു. ൧൦-ാം ന. ക. ആ. ൭ ൪ ൭ ൨ | പ |
| | | | ✠ നാളെ കടം. പള്ളിപ്പുറം, ചങ്ങനാശേരി. | |
| 15 | 30 | തി | ✠ ക. മാ. കരേറാം ന. ക. പെ. | വെ |
| 16 | 31 | ചൊ | ✻ റോക്കോസു ന. ആ. ക. പെ. ✻ മ. ഹിയ്യാസെന്തോസു. | വെ |
| 17 | 1 | ബു | വേ. ലവറന്തിയോസു എട്ടാം ന. ആ. ക. പെ. | ച്ചു |
| 18 | 2 | വ്യാ | വേ. അഗാപ്പീത്തോസു ന. ആ. ക. പെ. | ച്ചു |
| 19 | 3 | വെ | ✻ മേ. ഫിദേലീസ ഏപ്രിൽവരെ ന. ആ. ക. പെ. | ച്ചു |
| 20 | 4 | ശ | ആബാ ബെർണ്ണാർദോസു ന. ആ. ക. പെ. | വെ. |
| 21 | 5 | ഞാ | ✠ പന്തക്കു. ൧൧-ാം ന. ക. ആ. ൭ ൨ ൭ ൨ | പ |
| | | | ✻ ക. മാ. പിതാ. യോആക്കീം ന. ആ. ക. പെ. ✻ ൭൨ (✻ ൪) | വെ |
| 22 | 6 | തി | ✻ ക. മാ. കരേറാം എട്ടാം ന. ആ. ക. പെ. | വെ |
| 23 | 7 | ചൊ | ശ്ലീ. ബർത്തലൂമാ ന. ആ. ക. തലേ. ഇ. വി. | റോ |
| | | | ✻ മ. ബെനീത്തോസു ന. ആ. ക. പെ. | വെ |
| 24 | 8 | ബു | (✠) ശ്ലീ. ബർത്തലൂമാ ന. ക. പെ. | ച്ചു |
| 25 | 9 | വ്യാ | രാജ. മ. ലൂദവീക്കോസു ന. ആ. ക. പെ. | വെ |
| 26 | 10 | വെ | പാ. വേ. സെഫുരീനോസു ന. ആ. ക. പെ. | ച്ചു |
| 27 | 11 | ശ | മ. യൗസേപ്പ് കലസാന്തി ന. ആ. ക. പെ. | വെ |
| | | | ✻ ക. ത്രേസ്യായുടെ ചങ്കു കുത്തിയ തിരുനാൾ. | വെ |
| 28 | 12 | ഞാ | ✠ പന്തക്കു. ൧൨-ാം ന. ക. ആ. ൭ ൨ ൦ ൨ | പ |
| | | | അ. മ. ആഗുസ്തി ന. ആ. ക. പെ. | വെ |
| | | | എറണാകുളം മെത്രാപ്പോലീത്താച്ചൻ തിരുമനസ്സിലെ നാമകാരണൻ. | |
| | | | തുരുത്തി ദർശനത്തിരുനാൾ. | |
| 29 | 13 | തി | യോഹന്നാൻ മാം. ശിരഛേദനം ന. ആ. ക. പെ. | ച്ചു |
| 30 | 14 | ചൊ | വേ. ഫെലീക്സും കൂട്ട. ന. ആ. ക. പെ. | ച്ചു |
| | | | ✻ ക. റോസാ ലീമാ. | വെ |
| 31 | 15 | ബു | ✻ മാ. അല്പസൂത റൈമുണ്ടോസു ന. ആ. ക. പെ. | വെ |

---

Printed and Published for the Proprietor by P. K. Joseph
at the St. Joseph's Press Mannanam, 1927.